# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി6/1554/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 27/11/2025
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള ഇടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ).
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി6/1554/2025 തീയ്യതി: 27/11/2025

## കണ്ണൂർ ജില്ലയിലെ പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-08-2024 മുതൽ 07-09-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 46 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 45 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-09-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സി.വി.ജ്യോതിഷ് കുമാർ | ഡെപ്യൂട്ടി ഡയറക്ടർ | 08-09-2025 | 17-09-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-09-2025 | 17-09-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി.ഷൈമകുമാരി.എസ്.എൽ, ഓഡിറ്റ് ഓഫീസർ ഹയർഗ്രേഡ്

ശ്രീ.ആൽബർട്ട് ജോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീ.ഗണേശൻ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീ.വരുൺദാസ്.വി.പി, ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബി.ഷംസുദ്ദീൻ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.ഇ.വി.വേണുഗോപാൽ | സെക്രട്ടറി | 01-03-2024 | 31-03-2025 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അരവിന്ദൻ.എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ഡോ.അഭിലാഷ്.ടി | വെറ്റിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി.പൊന്നി.എം.സി | ക്ഷീരവികസന ഓഫീസർ | 01-04-2024 | 15-08-2024 |
| ശ്രീ.സച്ചിൻ.എം.എസ് | ക്ഷീരവികസന ഓഫീസർ | 16-08-2024 | 31-03-2025 |
| ശ്രീമതി.ആർഷ.ബി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2024 | 30-12-2024 |
| ശ്രീമതി.സീന.എസ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 31-12-2024 | 31-03-2025 |
| ഡോ.വീണ അഗസ്റ്റിൻ | മെഡിക്കൽ ഓഫീസർ - ആയുർവേദ | 01-04-2024 | 31-03-2025 |
| ഡോ.സത്യജൻ.ടി.പി | മെഡിക്കൽ ഓഫീസർ - പി എച്ച് സി | 01-04-2024 | 31-03-2025 |
| ശ്രീമതി.ഷൈമ.പി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീമതി.അതുല്യ.എം.പി | കൃഷി ഓഫീസർ | 01-04-2024 | 30-04-2024 |
| ശ്രീ.സുരേഷ് ബാബു.എ.കെ | കൃഷി ഓഫീസർ | 01-05-2024 | 14-10-2024 |
| ശ്രീമതി.നിത്യ | കൃഷി ഓഫീസർ | 15-10-2024 | 31-03-2025 |
| ശ്രീ.ജിഷ്ണു.എം.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 14-01-2025 |
| ശ്രീമതി.ഇവാഞ്ചലിൻ സിവില | അസിസ്റ്റന്റ് എഞ്ചിനീയർ | 15-01-2025 | 31-03-2025 |
| ശ്രീമതി.രാജശ്രീ വാഴയിൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പടിയൂർ- | 01-04-2024 | 07-10-2024 |

| | | | |
|---|---|---|---|
| | അധിക ചുമതല | | |
| ശ്രീ.വിനീഷ് വർഗീസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പടിയൂർ | 08-10-2024 | 31-03-2025 |
| ശ്രീമതി.രാജശ്രീ വാഴയിൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കല്യാട് | 01-04-2024 | 31-03-2025 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ഭൂമിയുടെ മൂല്യം വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല | 1-1-1 |
| 3 | ബാങ്ക് പാസ് ബുക്ക് രേഖ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 1-1-2 |
| 4 | ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പ് തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല. വ്യത്യാസം വിശദീകരിച്ചിട്ടില്ല | 1-1-5 |
| 7 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-7 |
| 9 | ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല | 1-1-8 |
| 10 | മുൻകൂർ നൽകിയ തുക സമയബന്ധിതമായി ക്രമീകരിക്കുന്നില്ല | 1-1-9 |
| 11 | ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-10 |
| 12 | ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല | 1-1-11 |
| 13 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-12 |
| 14 | ലോൺ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല | 1-1-13 |
| 15 | ഡെപ്പോസിറ്റ് പ്രവൃത്തി ഇനത്തിൽ ചെലവഴിച്ച തുക B-8, B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേമെന്റ് പ്രകാരം) | 1-3 |
| 18 | ഫണ്ട് വിനിയോഗം | 1-4 |
| 19 | പദ്ധതി അവലോകനം | 1-5 |
| 20 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 21 | ക്ഷേമ പദ്ധതികൾ | 1-7 |
| 22 | ക്യാഷ് പരിശോധന | 1-8 |
| 23 | ഗ്രാമസഭ | 1-9 |
| 24 | അഭ്യന്തര നിയന്ത്രണ സംവിധാനം | 1-10 |
| 25 | കമ്മിറ്റികളുടെ പ്രവർത്തനം | 1-11 |
| 26 | വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുന്നു | 1-12 |
| 27 | വസ്തു നികുതി - ഭീമമായ കുടിശ്ശിക | 1-13 |
| 28 | പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ടർഫുകളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല. | 1-14 |

| | | |
|---|---|---|
| 29 | പിഗ് & ഡോഗ് ലൈസൻസിൽ ഗണ്യമായ കുറവ് | 1-15 |
| 30 | കുയിലൂർ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് - വാടക വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-16 |
| 31 | മരങ്ങൾ ക്വട്ടേഷൻ ചെയ്ത് നൽകാൻ തീരുമാനിച്ചത് നിയമപ്രകാരമല്ല | 1-17 |
| 32 | അങ്കണവാടി പോഷകാഹാരം - കേന്ദ്ര വിഹിതം വിനിയോഗിക്കുന്നതിൽ കുറവ് | 1-18 |
| 33 | നടീൽ വസ്തുക്കൾ വാങ്ങൽ - വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 1-19 |
| 34 | ഭവനനിർമ്മാണ പ്രവൃത്തികൾ -പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 1-20 |
| 35 | സാന്ത്വന പരിചരണം - മുഴുവൻ മരുന്നും, ഉപകരണങ്ങളും ലഭ്യമായിട്ടില്ല - ₹4,15,955 തടസ്സപ്പെടുത്തുന്നു | 1-21 |
| 36 | ഡയാലിസിസ് രോഗികൾക്ക് മരുന്ന് - മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല - ₹62,543 തടസ്സപ്പെടുത്തുന്നു | 1-22 |
| 37 | ഹോമിയോ എൻ.എച്ച്.എം ഡിസ്പെൻസറികളിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായിട്ടില്ല - ₹3,00,000 തടസ്സപ്പെടുത്തുന്നു | 1-23 |
| 38 | വൃത്തി-2025 ദി ക്ലീൻ കേരള കോൺക്ലേവ്-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.₹25000 ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-24 |
| 39 | പൊതുടാപ്പുകൾക്ക് വാട്ടർ മീറ്റർ സ്ഥാപിക്കൽ-വിനിയോഗസാക്ഷ്യപത്രവും കരാർ ചമച്ചതിന്റെ രേഖകളും ലഭ്യമാക്കിയില്ല. ₹133900 യുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-25 |
| 40 | ഐ.കെ.എം വിഹിതം നൽകൽ -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ₹73560 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-26 |
| 41 | തുടർസാക്ഷരത പരിപാടി-അനുബന്ധരേഖകൾ ലഭ്യമാക്കിയിട്ടില്ല. ₹30000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |
| 42 | യാത്രബത്ത അനുവദിച്ചതിലെ അപാകങ്ങൾ. ₹9000 തടസ്സപ്പെടുത്തുന്നു | 1-28 |
| 43 | എ ബി സി പദ്ധതിക്ക് തുക കൈമാറൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ₹50000 യുടെ ചെലവ് തടസപ്പടുത്തുന്നു. | 1-29 |
| 44 | ടാർ ബാരൽ വില തനത് ഫണ്ടിൽ സൂക്ഷിക്കുന്നു | 1-30 |
| 45 | പടിയൂർ ഗവ.ആയുർവേദ ആശുപത്രി അറ്റകുറ്റപ്പണി - പിഴ ഈടാക്കിയിട്ടില്ല | 1-31 |
| 46 | മാങ്കുഴി മില്ലുമുക്ക് കരിങ്ങാലിമുക്ക് റോഡ് പുനരുദ്ധാരണം-കാലാവധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ പിഴ ഈടാക്കിയിട്ടില്ല | 1-32 |
| 47 | ബ്ലാത്തൂർ ഗാന്ധിവിലാസം എൽ പി സ്കൂളിന് ഷീ ടോയ്‌ലറ്റ് നിർമ്മാണം - അപാകങ്ങൾ | 1-33 |
| 48 | ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റിയുടെ വരവ് ചെലവ് കണക്കുകൾ സമയബന്ധിതമായി ലഭ്യമാക്കേണ്ടതാണ്. | 1-34 |

| | | |
|---|---|---|
| 49 | ജൽജീവൻ മിഷൻ അവലോകനം | 1-35 |
| 50 | ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും | 1-36 |
| | **ഭാഗം 2** | |
| | — No Records Found — | |
| | **ഭാഗം 3** | |
| | — No Records Found — | |
| | **ഭാഗം 4** | |
| 1 | മെഡിസെപ്-പ്രീമിയം ഒടുക്ക് വരുത്തിയതിന്റെ വിവരങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-5 |
| 6 | വായ്പ /വായ്പാ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-12 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് പടിയൂർ കല്യാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 16.06.2025 ലെ 1/89/2025(1) നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 16.07.2025 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പടിയൂർ കല്യാട് ഗ്രാമപഞ്ചായത്തിന്റെ, 2025 മാർച്ച് 31 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തിയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പടിയൂർ കല്യാട് ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കണ്ണൂർ,

27.11.2025

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

### 1-1-1 ഭൂമിയുടെ മൂല്യം വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല

പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയുടെ മൂല്യം വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല.

### 1-1-2 ബാങ്ക് പാസ് ബുക്ക് രേഖ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

SBI MPLADS അക്കൗണ്ട് നമ്പർ 67254328127 ൽ 31.03.2024 ന് ₹12963 ബാലൻസ് ഉണ്ടായിരുന്നു. എന്നാൽ ടി അക്കൗണ്ട് സംബന്ധിച്ച ബാങ്ക് പാസ് ബുക്ക് ലഭ്യമാക്കിയിട്ടില്ല. 31.03.2024 ന് ബാലൻസ് ഉണ്ടായിരുന്ന ₹12963 സംബന്ധിച്ച ചെലവ് വിവരവും ലഭ്യമാക്കിയിട്ടില്ല.

### 1-1-3 ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പ് തുകയും

പൊരുത്തപ്പെടുന്നില്ല.

CFC Grant-B-17 ഷെഡ്യൂൾ പ്രകാരമുള്ള തുക (₹11081272) B-4 ഷെഡ്യൂൾ പ്രകാരമുള്ള തുകയുമായി (₹11072381) പൊരുത്തപ്പെടുന്നില്ല.

### 1-1-4 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹11729004 ആണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹7903716 ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-5 ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല. വ്യത്യാസം വിശദീകരിച്ചിട്ടില്ല

1. തനത് ഫണ്ട് സംബന്ധിച്ച കേരള ഗ്രാമീൺ ബാങ്ക് (A/C No. 40484101028243) ന്റെ 2025 മാർച്ച് മാസത്തെ ബാങ്ക് റീകൺസിലിയേഷൻ പത്രിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 31.03.2025 ൽ ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പായി രേഖപ്പെടുത്തിയ തുകയും (₹33715562) ബാങ്ക് പാസ് ബുക്കിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയ തുകയും (₹34034144) തമ്മിൽ ₹318582 ന്റെ വ്യത്യാസമുണ്ട്.
2. SBI – E Payment സംബന്ധിച്ച (Ac No. 67059367022) ന്റെ 2025 മാർച്ച് മാസത്തെ ബാങ്ക് റീകൺസിലിയേഷൻ പത്രിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 31.03.2025 ൽ ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പായി രേഖപ്പെടുത്തിയ തുകയും (₹2600167) ബാങ്ക് പാസ് ബുക്കിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയ തുകയും (₹2598702) തമ്മിൽ ₹1465 ന്റെ വ്യത്യാസമുണ്ട്.

### 1-1-6 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

1. 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62 (എഫ്) പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.
2. തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന ബി-1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-7 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ഉദാഹരണം - വസ്തു നികുതി സാമ്പത്തിക വർഷാവസാനമാണ് ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത്.

### 1-1-8 ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല

സാംഖ്യ സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രീസിയേഷൻ, അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനഃക്രമീകരിക്കാത്തതിനാൽ ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല. 2024-25 വർഷത്തെ Income And Expenditure പത്രിക പ്രകാരം ₹26919145 ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. ഇവ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല.

### 1-1-9 മുൻകൂർ നൽകിയ തുക സമയബന്ധിതമായി ക്രമീകരിക്കുന്നില്ല

ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂൾ പ്രകാരം ₹20350559 ക്രമീകരിക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിൽ Advance To Implementing Agencies-Deposit With Kerala Water Authority, Advance To Implementing Agencies-Deposit With Kerala Electicity Board, Advance To Community Development Society, എന്നീ ശീർഷകങ്ങളിൽ ക്രമീകരിക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുള്ള തുക മുൻ വർഷങ്ങളിൽ അനുവദിച്ച തുക

തന്നെയാണ്. Advance To Implementing Officers, Advance To Others എന്നീ ശീർഷകത്തിൽ ക്രമീകരിക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുള്ള യഥാക്രമം ₹217092, ₹196905 ൽ 2023-24 സാമ്പത്തിക വർഷം അനുവദിച്ച തുകയും ഉൾപ്പെട്ടിട്ടുണ്ട്. അഡ്വാൻസ് തുക സമയബന്ധിതമായി ക്രമീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-1-10 ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 28 പ്രകാരം ഓരോ വർഷാവസാനത്തിലും ചെലവ് ചെയ്ത് പണം നൽകാതിരിക്കുന്നവയ്ക്ക് വേണ്ടി പഞ്ചായത്ത് പ്രൊവിഷൻ വയ്ക്കേണ്ടതും വാർഷിക ധനകാര്യപത്രിക തയ്യാറാക്കുന്ന തീയതിക്ക് 30 ദിവസം മുൻപുള്ള തീയതി കട്ടോഫ് തീയതിയായി കണക്കാക്കി വേണം ബില്ലുകൾക്ക് പ്രൊവിഷൻ വകയിരുത്തേണ്ടത്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്നിനും (ഉദാഹരണമായി 2025 മാർച്ചിലെ ശമ്പളം, ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ്) ബാലൻസ് ഷീറ്റ് ബി 10 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-11 ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല

ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ Refund Of Unutilised Grants എന്ന ശീർഷകത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള ₹1660215 തുക വിശദ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. 2023-24 സാമ്പത്തിക വർഷവും ഇതേ തുക തന്നെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-1-12 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

B-11 ഷെഡ്യൂളിൽ പരാമർശിച്ച ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന രീതിയിൽ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-1-13 ലോൺ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

വാർഷിക ധനകാര്യ പത്രികയിലെ ബി 5 ഷെഡ്യൂളിൽ ₹15935442 ഹഡ്കോ വായ്പ തിരിച്ചടക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ കൃത്യത പരിശോധിക്കാനാവശ്യമായ ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-1-14 ഡെപ്പോസിറ്റ് പ്രവൃത്തി ഇനത്തിൽ ചെലവഴിച്ച തുക B-8, B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല

2024-25 ൽ ഡെപ്പോസിറ്റ് പ്രവൃത്തി ഇനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുക B-8 ഷെഡ്യൂളിലോ, B-18 ഷെഡ്യൂളിലോ ഉൾപ്പെടുത്തിയിട്ടില്ല.

## 1-2 ബജറ്റ്

ബജറ്റ്

| | |
|---|---|
| മുന്നിരിപ്പ് | 15101235 |
| വരവ് | 294078860 |
| ആകെ | 309180095 |
| ചെലവ് | 304687420 |
| നീക്കിയിരിപ്പ് | 4492675 |

ഭരണസമിതിയുടെ 13.02.2024 ലെ 31/2024 നമ്പർ തീരുമാന പ്രകാരം 2024-25 ലെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

**പുതുക്കിയ ബജറ്റ്**

| | |
|---|---|
| മുന്നിരിപ്പ് | 37024684 |
| വരവ് | 318217134 |
| ആകെ | 355241818 |

| | | |
|---|---|---|
| ചെലവ് | | 314449570 |
| നീക്കിയിരിപ്പ് | | 40792248 |

പുതുക്കിയ ബജറ്റ് അംഗീകരിച്ചതായി രേഖകളില്ല.

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾ യഥാർത്ഥ വരവ് ചെലവുമായി വലിയ അന്തരം ഉണ്ട്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേമെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹45914958 |
| വരവ് | ₹57400423 |
| ആകെ | ₹103315381 |
| ചെലവ് | ₹45671419 |
| നീക്കിയിരിപ്പ് | ₹57643962 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം-ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1099958 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 18885540 | 18885540 | 18810000 | 75540 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 1335456 | 1335456 | 1334721 | 735 |
| വികസന ഫണ്ട് (ടി.എസ്.പി.) | 0 | 2868000 | 2868000 | 2835193 | 32807 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 17734000 | 17734000 | 13926087 | 3807913 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 0 | 4528000 | 4528000 | 3829920 | 698080 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് | 2174634 | 1723317 | 3897951 | 792251 | 3105700 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 2795342 | 6424626 | 9219968 | 1253287 | 7966681 |
| ഐ സി ഡി എസ് | 3368012 | 2195451 | 5563463 | 933380 | 4630083 |
| എം പി ഫണ്ട് | 12963 | 532 | 13495 | 0 | 13495 |
| ലൈഫ് സംസ്ഥാന വിഹിതം | 340000 | 4854964 | 5194964 | 0 | 5194964* |
| ഐ ടി ഡി പി | 157429 | 0 | 157429 | 0 | 157429 |
| ടോട്ടൽ സാനിറ്റേഷൻ | 34395 | 0 | 34395 | 0 | 34395 |
| അവാർഡ് തുക-മുഖ്യമന്ത്രിയുടെ ഹരിത അവാർഡ് | 21788 | 0 | 21788 | 0 | 21788 |
| സാക്ഷരത | 4538 | 277 | 4815 | 0 | 4815 |

| | | | | | |
|---|---|---|---|---|---|
| ശുചിത്വ മിഷൻ | 601244 | 0 | 601244 | 0 | 601244 |
| വിമുക്തി | 87850 | 0 | 87850 | 0 | 87850 |
| കുടുംബശ്രീ ചാലഞ്ച് ഫണ്ട് | 812334 | 0 | 812334 | 0 | 812334 |
| ഹെൽത്ത് ഗ്രാന്റ് - ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | 847410 | 371155 | 1218565 | 35658 | 1182907 |
| ഹെൽത്ത് ഗ്രാന്റ്- ഹെൽത്ത് & വെൽനസ്സ് സെന്റർ | 353284 | 572031 | 925315 | 237070 | 688245 |
| ഹെൽത്ത് ഗ്രാന്റ്- ബിൽഡിംഗ് | 2805171 | 80003 | 2885174 | 0 | 2885174 |
| ശുചിത്വ മിഷൻ | 140155 | 0 | 140155 | 0 | 140155 |
| രാജീവ് ഗാന്ധി പഞ്ചായത്ത് ശാക്തീകരൺ അഭിയാൻ | 0 | 9130 | 9130 | 0 | 9130 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 257 | 230409293 | 182 | 70255700 | 80 | 102 | 75 | 39.69 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 42 | 31 | 10728126 | 5825863 | 54.30 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 15 | 12 | 2141454 | 1870767 | 87.36 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 108 | 63 | 52418715 | 26648130 | 50.84 |
| 4 | കൃഷി ഓഫീസർ | 9 | 7 | 3412535 | 1728583 | 50.65 |
| 5 | വി.ഇ.ഒ.ഹൗസിംഗ് | 14 | 9 | 5016350 | 2410290 | 48.05 |
| 6 | വി.ഇ.ഒ,[illegible] | 18 | 14 | 139361060 | 21679341 | 15.56 |
| 7 | മെഡിക്കൽ ഓഫീസർ, PHC | 22 | 18 | 5495865 | 2207031 | 40.16 |
| 8 | മെഡിക്കൽ ഓഫീസർ, GAD | 2 | 2 | 921500 | 921500 | 100 |
| 9 | വെറ്ററിനറി സർജൻ | 8 | 8 | 2965140 | 1922044 | 64.82 |
| 10 | ICDS സൂപ്പർവൈസർ | 17 | 16 | 6598548 | 4187367 | 63.46 |
| 11 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 1230000 | 846784 | 68.84 |
| 12 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 120000 | 8000 | 6.6 |
| | ആകെ | 257 | 182 | 230409293 | 70255700 | 30.49 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | നീക്കിയിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 9446.5 | 1615969 | 1625415.5 | 1464930 | 160485.5 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (മെറ്റീരിയൽ കോസ്റ്റ് ഉൾപ്പെടെ) | 0 | 46524940 | 46524940 | 46524940 | 0 |
| ആകെ | 9446.5 | 48140909 | 48150355.5 | 47989870 | 160485.5 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1,75,93,800 | 567 |
| വിധവ പെൻഷൻ | 2,51,47,000 | 877 |
| വാർദ്ധക്യകാല പെൻഷൻ | 4,67,26,700 | 1809 |
| ഭിന്നശേഷി പെൻഷൻ | 78,25,500 | 260 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 14,29,000 | 49 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 1,80,000 | 6 |
| തൊഴിലില്ലായ്മ വേതനം | 5,760 | 8 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.09.2025 തീയതിയിൽ 11.45 AM ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹490 ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ഗ്രാമസഭ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3 പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം ചേരേണ്ടതാണ്. പടിയൂർ ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് കാലയളവിൽ 2024-25 വർഷം ആകെയുള്ള 18 വാർഡുകളിലും 2 തവണ മാത്രമാണ് ഗ്രാമസഭകൾ ചേർന്നിട്ടുള്ളത്. 2024 ആഗസ്റ്റ്,ഡിസംബർ മാസങ്ങളിലാണ് ഗ്രാമസഭകൾ ചേർന്നിട്ടുള്ളത്. 2024-25 വാർഷിക പദ്ധതി രൂപീകരണ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ, മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, സാമൂഹ്യസുരക്ഷ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ, മാലിന്യസംസ്കരണം, ഡിജിറ്റൽ സാക്ഷരത എന്നിവ ഗ്രാമസഭയിലെ പ്രധാന അജണ്ടകളായി ഉൾപ്പെടുത്തുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമസഭാ മിനുട്സ് അതത് ഗ്രാമസഭകളിൽ

പങ്കെടുക്കുന്നവരിൽ 15 പേരെങ്കിലും സാക്ഷ്യപ്പെടുത്തി ഒപ്പ് വെക്കേണ്ടതുണ്ട്. എന്നാൽ അപ്രകാരം ചെയ്തു വരുന്നില്ല. നിയമാനുസൃത ഗ്രാമസഭകൾക്ക് പുറമെ ഭിന്നശേഷി ഗ്രാമസഭ, പട്ടിക ജാതി ഗ്രാമസഭ, ഊരുകൂട്ടം, വയോജന ഗ്രാമസഭ, വനിതാ ഗ്രാമസഭ, കുട്ടികളുടെ ഗ്രാമസഭ ഇടങ്ങിയ പ്രത്യേക ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്.

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

മാനുഷ്യ വിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പു വരുത്തി ലക്ഷ്യം നേടാൻ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തനസജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ച കൊണ്ടുള്ള ഉദ്യോഗസ്ഥസംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ ഫയൽ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പു വരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം.

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിൽ ഡേ ബുക്ക്, ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നിർവ്വഹിച്ച വാർഷിക പദ്ധതി പ്രോജക്ടുകളുമായി ബന്ധപ്പെട്ട ഫയലുകളും മെച്ചപ്പെട്ട നിലയിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ വിവരാവകാശ രജിസ്റ്റർ കാര്യക്ഷമമായി എഴുതി സൂക്ഷിക്കുന്നില്ല.നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനം കാര്യക്ഷമമല്ല. കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്കും ഗ്രാമപഞ്ചായത്ത് ഓഫീസിലേക്കും വാങ്ങിയിട്ടുള്ള കമ്പ്യൂട്ടറുകളും, ഇലക്ട്രോണിക്ക് ഉപകരണങ്ങളും ഗ്രാമപഞ്ചായത്തിന്റെ ജംഗമആസ്തികളിൽ ഉൾപ്പെടുത്തിയും തൊഴിലുറപ്പ് പദ്ധതി പ്രകാരം ആർജിച്ചെടുത്ത കോൺക്രീറ്റ് റോഡുകളും ഉൾപ്പെടുത്തിയും ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ടി.ആർ.7എ ഫോർമാറ്റിലുള്ള ക്യാഷ് ബുക്കിൽ വിവരങ്ങൾ രേഖപ്പെടുത്തി വരുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ഫീൽഡ്തല പരിശോധനയിലൂടെ കെട്ടിടങ്ങളുടെ മെയിന്റനൻസിനു ശേഷമുള്ള കൂട്ടിച്ചേർക്കലുകൾ നികുതി വിധേയമാക്കേണ്ടതാണ്. അനധികൃത നിർമ്മാണം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ട് തയ്യാറാക്കുന്നത് മുതൽ പൂർത്തീകരണം വരെയുള്ള പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്. പ്രവൃത്തി നിർവ്വഹിച്ചതിനു ശേഷം നിരീക്ഷണ കാലയളവിൽ (Defect Liability Period) ഉണ്ടാകുന്ന അറ്റകുറ്റപ്പണികൾ പ്രസ്തുത കരാറുകാരനെ കൊണ്ട് തന്നെ നിർവ്വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പി.ഡബ്ല്യു.ഡി മാന്വലിൽ നിഷ്കർഷിച്ചത് പ്രകാരമുള്ള പിഴ ഈടാക്കാതെ ഭരണസമിതി തീരുമാനപ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലയളവ് ഒറിജിനൽ കാലാവധിയുടെ പകുതിയിലധികം നീട്ടി നൽകുന്നത് ക്രമപ്രകാരമല്ല. പൊതുമരാമത്ത് ചട്ടങ്ങൾക്ക് വിധേയമായി മാത്രം കാലാവധി ദീർഘിപ്പിച്ച് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്. 2023-24 വർഷത്തിൽ പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമി അളന്ന് തിട്ടപ്പെടുത്തി, ഭൂനികുതി ഒടുക്കിയിട്ടില്ല എന്നത് പോരായ്മയാണ്.

പ്രതിമാസ ഓഫീസ് തല യോഗങ്ങളിലൂടെ പ്രായോഗിക വിഷയങ്ങൾ ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തി പദ്ധതി നടത്തിപ്പും, അതോടൊപ്പം പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള അനിവാര്യ ചുമതലകളുടെ നിർവ്വഹണവും കൃത്യതയോടെ നിർവ്വഹിക്കുവാൻ സഹായകമായ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്. മേൽ പരാമർശിച്ച ന്യൂനതകൾ പരിഹരിച്ച് ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 കമ്മിറ്റികളുടെ പ്രവർത്തനം

ഗ്രാമ പഞ്ചായത്തിൽ ഭരണസമിതി, സ്റ്റിയറിംഗ് കമ്മിറ്റി, കൂടാതെ വിവിധ തലത്തിലുള്ള 4 സ്റ്റാൻഡിംഗ് കമ്മിറ്റികൾ (ധനകാര്യം, വികസനം, ക്ഷേമം, ആരോഗ്യം) എന്നിവ രൂപീകരിച്ചിട്ടുണ്ട്. സ്റ്റാൻഡിംഗ് കമ്മിറ്റികൾ കൃത്യമായി യോഗം ചേരുകയും ഭരണപരമായ തീരുമാനങ്ങൾ ഭരണസമിതിയ്ക്ക് ശിപാർശ ചെയ്യുന്നുമുണ്ട്. എന്നാൽ ഭരണസമിതി, സ്റ്റാൻഡിംഗ് കമ്മിറ്റികൾ യോഗങ്ങൾ ചേർന്നശേഷം തീരുമാനങ്ങൾ പ്രസിഡന്റിന്റെ അംഗീകാരത്തിനയക്കാൻ കാലതാമസം നേരിടുന്നുണ്ട്.

1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനിറ്റ്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി

സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ ആയതു പ്രകാരം മിനിറ്റ്സ് പൂർത്തീകരിക്കുന്നതിൽ സമയപരിധി പാലിക്കുന്നില്ല. ഇക്കാര്യത്തിലുള്ള കാലതാമസം ഒഴിവാക്കേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ നടപടിക്രമങ്ങൾ കൃത്യതയോടെ മിനിട്സിൽ രേഖപ്പെടുത്തുന്നില്ല. പദ്ധതി രൂപീകരണം സംബന്ധിച്ചോ, മോണിറ്ററിംഗ് സംബന്ധിച്ച് നടന്നിട്ടുള്ള ചർച്ചകളോ, തീരുമാനങ്ങളോ മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. വികസന സെമിനാറിനോടനുബന്ധിച്ച് രണ്ട് തവണ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ നടത്തിയ ചർച്ചകളെപ്പറ്റിയും മറ്റ് നിർദ്ദേശങ്ങളും വിശദമായി മിനിട്സിൽ രേഖപ്പെടുത്തുന്നില്ല. വർക്കിംഗ് ഗ്രൂപ്പ് യോഗമിനിട്സുകൾ കൃത്യമായ രീതിയിൽ പരിപാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി നടത്തിപ്പിൽ കൃത്യമായ മോണിറ്ററിംഗ് ഉറപ്പ് വരുത്തേണ്ടത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ചുമതലയാണ്. ടി ഫയലുകളിലും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

പ്രൊക്യൂർമെന്റ് കമ്മിറ്റി 2024-25 ൽ ആവശ്യമായ യോഗങ്ങൾ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനിട്സ് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നുണ്ട്. എന്നാൽ സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്യൂർമെന്റ് പ്ലാനും മറ്റും തയ്യാറാക്കാതെ, ഏതോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരത്തോടെ മാത്രം പർച്ചേസുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ സ്റ്റാന്റിംഗ് കമ്മിറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും അവരുടെ ചുമതലകൾ കൃത്യമായി നിർവ്വഹിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥന്മാർ ആവശ്യമായ രേഖകൾ കൃത്യമായി തയ്യാറാക്കുന്നുണ്ട് എന്ന് പ്രതിമാസ യോഗങ്ങളിൽ അതാത് സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഉറപ്പ് വരുത്തേണ്ടതാണ്.

## 1-12 വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുന്നു

ഒ നടപടികൾ സ്വീകരിക്കേണ്ടതാണ്.എ) 22.03.2023 ലെ സ.ഉ(കൈ)നം.77/2023/തസ്വഭവ പ്രകാരം 01.04.2023 പ്രാബല്യത്തിൽ നിലവിലുള്ള നികുതിദായകരുടെയും പുതിയ നികുതിദായകരുടെയും വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതുണ്ട്. ഈ വിവരങ്ങളുടെയും 9 ബി ഫാറം ൽ സമർപ്പിക്കപ്പെട്ട വിവരങ്ങളുടെയും അടിസ്ഥാനത്തിൽ അധികനിർമ്മാണം നടത്തിയത് മുതലും രൂപാന്തരമായും ഉപയോഗക്രമത്തിലും ഉൾപ്പെടെയുള്ള മാറ്റം വന്ന കാലം മുതലും നികുതി പുനർനിർണ്ണയിക്കേണ്ടതുണ്ട്. ഇതിനാവശ്യമായ പരിശോധനകൾ എത്രയും വേഗം പൂർത്തീകരിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. പടിയൂർ കല്യാട് ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച ഫീൽഡ് തല വിവര ശേഖരണം പൂർത്തിയായിട്ടില്ല. നിലവിൽ 5 വാർഡുകളിൽ ഫീൽഡ്തല പരിശോധന പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 10 വാർഡുകളിൽ പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ 437 9-ബി ഫോറം ലഭ്യമായിട്ടുണ്ട് എന്നും, മാറ്റം വന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ ഇതുവരെ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തി വസ്തുനികുതി പുനർ നിശ്ചയിക്കേണ്ടതാണ്. വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുമെന്നതിനാൽ വിവരശേഖരണം പൂർത്തിയാക്കി വസ്തു നികുതി പരിഷ്കരിക്കുന്നതിന് അടിയന്തര

ബി) പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 21 പ്രകാരം രണ്ട് നില വരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 ചതുരശ്ര മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, മതപരമായ കെട്ടിടങ്ങൾ, ഗ്രൂപ്പ് G1, G2, I ഒക്യുപൻസികൾക്ക് കീഴിലുള്ള കെട്ടിടങ്ങൾ എന്നിവ ഒഴികെയുള്ളവയിൽ, ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണ്. പടിയൂർ കല്യാട് ഗ്രാമ പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തിയിട്ടില്ല എന്ന മറുപടിയാണ് ഓഡിറ്റ് എൻക്വയറിക്ക് (നം./09.09.2025) ലഭിച്ചത്. കെട്ടിടനിർമ്മാണം പൂർത്തിയാക്കി ഒക്യുപ്പൻസി ലഭ്യമായതിന ശേഷം സംഭവിച്ചേക്കാവുന്ന പല നിയമലംഘനങ്ങളും കണ്ടെത്തുന്നതിന് (പാർക്കിംഗിന് ലഭ്യമായ സ്ഥലം അടച്ചുകെട്ടി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുക, കെട്ടിടത്തോടനുബന്ധിച്ച് പല കൂട്ടിച്ചേർക്കലുകളും വരുത്തുക തുടങ്ങിയവ) പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് സഹായകരമാകും.

## 1-13 വസ്തു നികുതി - ഭീമമായ കുടിശ്ശിക

പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബി-15 ഷെഡ്യൂൾ പ്രകാരം വസ്തു നികുതി ഇനത്തിൽ താഴെപ്പറയുന്ന തുക പിരിച്ചെടുക്കാൻ ബാക്കിയുണ്ട്.

| ക്രമ നമ്പർ | വസ്തുനികുതി | തൻവർഷം | കുടിശ്ശിക |
|---|---|---|---|
| 1 | റസിഡൻഷ്യൽ ബിൽഡിംഗ്സ് | ₹31,057 | ₹94,325 |
| 2 | നോൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് | ₹1,81,627 | ₹16,49,998 |
| 3 | നികുതിയിലുള്ള സർവീസ് സെസ്സ് | ₹10,130 | ₹4,542 |

നിലവിൽ ഈടാക്കിയിട്ടുള്ള/ഈടാക്കാൻ അവശേഷിക്കുന്ന കുടിശ്ശിക, കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 42/16.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-14 പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ടർഫുകളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല.

സർക്കാർ ഉത്തരവ് സ.ഉ.(പി)നം.25/2023/തസ്വഭവ തീ.05.04.2023, എസ്.ആർ.ഒ. നമ്പർ.479/2023 എന്നിവ പ്രകാരം സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ എന്നിവയ്ക്ക് ഈടാക്കാവുന്ന കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്ക് താഴെ കൊടുക്കുന്നു.

| കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം | ഏറ്റവും കുറഞ്ഞ നിരക്ക് (₹) | ഏറ്റവും കൂടിയ നിരക്ക് (₹) |
|---|---|---|
| സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ | 25 | 45 |

മേൽ വിജ്ഞാപനത്തിന്റെ ഭാഗമായി പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്ത് 10.08.2023 തീയതിയിലെ 3/195/2023 നമ്പർ ഭരണസമിതി തീരുമാന പ്രകാരം വസ്തു നികുതി നിരക്കുകളുടെ അന്തിമ വിജ്ഞാപനം (05.09.2023 ലെ 401053/PTDC01/GPO/2023/2652(5) നമ്പർ) പുറപ്പെടുവിക്കുകയും ടർഫുകളുടെ നികുതി നിരക്ക് ₹45 ആയും നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ പരിശോധിച്ചതിൽ ടർഫ് ഗണത്തിൽ ഉൾപ്പെടുത്തി ഒരു കെട്ടിടത്തിനും നികുതി നിർണയിച്ചിട്ടില്ല. 1) ഫുട്ബോൾ ടർഫ് പാട്ടക്കൽ, കല്ല്യാട്, 2) ടികി-ടാകാ ഫുട്ബോൾ/ ക്രിക്കറ്റ് ടർഫ്, പെരുമണ്ണ് എന്നീ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്നതാണോ എന്ന് അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.43/16.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ടർഫുകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നവയാണെങ്കിൽ ചട്ടപ്രകാരമുള്ള നടപടികൾ പൂർത്തിയാക്കി വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ്.

## 1-15 പിഗ് & ഡോഗ് ലൈസൻസിൽ ഗണ്യമായ കുറവ്

കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ്) ചട്ടങ്ങൾ 1988, എസ്.ആർ.ഒ.നം.465/98 ചട്ടം 4 പ്രകാരം പട്ടികളെ വളർത്തുന്ന ഏതൊരാളും ഇതിനായി ലൈസൻസ് എടുക്കേണ്ടതാണ്. ചട്ടം 5 പ്രകാരം ലൈസൻസ് ഇല്ലാതെയും ലൈസൻസ് നിബന്ധനകൾ പാലിക്കാതെയും വളർത്തു നായകളെ കൈവശം വയ്ക്കുന്നവർക്ക് പിഴ ചുമത്താവുന്നതാണ്. ഹാജരാക്കിയ പിഗ് & ഡോഗ് ലൈസൻസ് രജിസ്റ്റർ പ്രകാരം 2023-24 വർഷം 50 അപേക്ഷകർക്ക് നായകളെ വളർത്തുന്നതിനുള്ള ലൈസൻസ് നൽകിയിട്ടുണ്ടെങ്കിലും, 2024-25 കാലയളവിൽ ഇത് നേർപകുതിയായി 25 അപേക്ഷകളിലാണ് ലൈസൻസ് നൽകിയിട്ടുള്ളത്. വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി പൊതുവിഭാഗത്തിനായി നടപ്പിലാക്കിയ വളർത്തുനായകൾക്കുള്ള പേവിഷ പ്രതിരോധ കുത്തിവെപ്പിനായുള്ള പ്രൊജക്ട് (നം.70/2025) പ്രകാരം ഗ്രാമപഞ്ചായത്തിൽ 28.01.2025, 29.01.2025, 31.01.2025, 03.02.2025, 05.02.2025, 07.02.2025 തീയതികളിൽ 12 ഇടങ്ങളിലായി നടത്തിയ ആന്റി റാബിസ് കുത്തിവെപ്പിൽ 140 നായകൾക്കായി കുത്തിവെപ്പ് നൽകിയിട്ടുണ്ട്. 140 വളർത്തുനായകൾക്ക് കുത്തിവെപ്പ് നൽകിയിട്ടും വെറും 25 നായകൾക്ക് മാത്രമാണ് പിഗ് & ഡോഗ് ലൈസൻസ് എടുത്തിട്ടുള്ളത്. അപേക്ഷകളിൽ ഇത്തരം ഗണ്യമായ കുറവ് വന്നത് പരിശോധിക്കപ്പെട്ടിട്ടുണ്ടോ എന്ന് അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/15.09.2025)

ലൈസൻസ് കാലാവധി ഓരോ സാമ്പത്തിക വർഷവും അവസാനിക്കുന്നതിനാലും, വാക്സിനേഷൻ ക്യാമ്പ് സാമ്പത്തിക വർഷത്തിന്റെ അവസാനമായി നടന്നതിനാലും ഉടമസ്ഥർ ലൈസൻസ് എടുക്കുന്നതിൽ വിമുഖത കാണിക്കുന്നതിനാലാണ് വ്യത്യാസം വന്നിരിക്കുന്നത് എന്ന മറുപടിയാണ് ലഭിച്ചത്. സാമ്പത്തിക വർഷം അവസാനിക്കുന്നതിനാൽ ഉടമസ്ഥർ വളർത്തുനായകൾക്ക് ലൈസൻസ് എടുക്കാൻ വിമുഖത കാണിക്കുന്നു എന്ന മറുപടി തൃപ്തികരമല്ല. ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ വളർത്തു നായകളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-16 കയിലൂർ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് – വാടക വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കയിലൂർ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഭൂമിയിൽ ഉള്ള കെട്ടിടത്തിൽ (XI/56-B) കുടുംബശ്രീയുടെ കറി പൗഡർ യൂണിറ്റ് പ്രവർത്തിച്ച് വരുന്നുണ്ട്. പ്രസ്തുത സ്ഥാപനവുമായി ഗ്രാമ പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ എന്നത് സംബന്ധിച്ചും, കരാർ പ്രകാരം കെട്ടിടത്തിന് നിശ്ചയിച്ച വാടകയുടെ വിവരങ്ങൾ ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/16.09.2025) ഇത് സംബന്ധിച്ചുള്ള ഫയലുകൾ പരിശോധിച്ച് കണ്ടെത്താൻ സാധിച്ചില്ല എന്ന മറുപടിയാണ് ലഭിച്ചത്. പഞ്ചായത്തിന്റെ ആസ്തി സംരക്ഷണത്തിനും തനത് വരുമാന നേട്ടത്തിനും ഉതകുന്ന നടപടിക്രമങ്ങൾ ഈ കെട്ടിടത്തിന്റെ കാര്യത്തിൽ സ്വീകരിക്കേണ്ടതാണ്.

## 1-17 മരങ്ങൾ ക്വട്ടേഷൻ ചെയ്ത് നൽകാൻ തീരുമാനിച്ചത് നിയമപ്രകാരമല്ല

പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ കയിലൂർ വാർഡിൽ പുഴയോട് ചേർന്നുള്ള പുറമ്പോക്കിൽ കാലവർഷക്കെടുതിയിൽ കടപുഴകിയ മരങ്ങളുടെ (1 മട്ടി, 4 തേക്ക്) വില കണ്ണൂർ സോഷ്യൽ ഫോറസ്റ്റ് ഡിവിഷൻ അസിസ്റ്റന്റ് കൺസർവേറ്ററുടെ 24.10.2024 തീയതിയിലെ KFDDO/11672/2023-DFOSF KNR/B നമ്പർ വില നിർണ്ണയ റിപ്പോർട്ട് പ്രകാരം ₹108578 ആയി കണക്കാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കടപുഴകിയ മരങ്ങൾ മുറിച്ചെടുത്ത് കൊണ്ടു പോകുന്നതിനുള്ള അവകാശം 15.01.2025 തിയതി ലേലം ചെയ്തു നൽകുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ പ്രസ്തുത ലേലത്തിൽ പങ്കെടുത്തവർ ഫോറസ്റ്റ് വാല്യുവേഷൻ തുകയിൽ നിന്നും കൂട്ടി വിളിക്കാൻ തയ്യാറാകാത്തതിനാൽ പുനർലേലം നടത്തുന്നതിന് ഭരണസമിതിയുടെ 22.01.2025ലെ സാധാരണ യോഗത്തിൽ തീരുമാനം (നം.22/2025) കൈക്കൊണ്ടിട്ടുണ്ട്. മൂന്ന് തവണ ലേലം നടത്തിയിട്ടും ആരും തന്നെ ലേലം കൊള്ളാത്ത സാഹചര്യത്തിൽ 17.2.2025ലെ ഭരണസമിതി യോഗ തീരുമാന പ്രകാരം ക്വൊട്ടേഷൻ നടപടികൾ സ്വീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇത് പ്രകാരം ക്വൊട്ടേഷൻ വിളിച്ചതിൽ ₹45,100 ക്വാട്ട് ചെയ്ത സന്തോഷ് പി. ഊരത്തൂർ എന്നിവരുടെ ക്വട്ടേഷൻ, തീരുമാനം നമ്പർ 51/2025 പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 22.01.2025 ലെ LSGD/PD/504/ 2025-REV1 നമ്പർ ഉത്തരവ് പ്രകാരം പൊതുസ്ഥലത്തുള്ള മരങ്ങൾ നിൽപ്പ് അവസ്ഥയിലോ മുറിച്ചിട്ട ശേഷമോ ഉപയോഗത്തിന് ലേലം നടത്താവുന്നതാണെന്നും ആദ്യലേലത്തിൽ തടിയുടെ വില ലഭിക്കുന്ന പക്ഷം ലേലം നടത്തുന്ന ഉദ്യോഗസ്ഥന് ലേലം സ്ഥിരപ്പെടുത്താവുന്നതാണെന്നും, ആദ്യ ലേലത്തിൽ വിറ്റുപോകാത്ത സാഹചര്യത്തിൽ ലേലം നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ കാര്യകാരണ സഹിതം ഉള്ള വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും, തടിയുടെ ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിലും തുടർന്നുള്ള ലേലങ്ങളിൽ ഏറ്റവും ഉയർന്ന വിലക്ക് ലേലം സ്ഥിരപ്പെടുത്താനുള്ള ചുമതല തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയും ഉത്തരവിറക്കിയിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം ലേലം ചെയ്യാതെ ക്വട്ടേഷൻ വിളിക്കാനിടയായത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.41/16.09.2025) പ്രസ്തുത മരങ്ങൾ ഇതുവരെയും കൈമാറിയിട്ടില്ല എന്നും, തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ നിർദ്ദേശപ്രകാരം പ്രമുഖ പത്രങ്ങളിൽ പരസ്യം ചെയ്ത് ലേല നടപടികൾ ഒരിക്കൽ കൂടി സ്വീകരിക്കുന്നതാണെന്നും ഉള്ള മറുപടി ലഭിച്ചിട്ടുണ്ട്. ലേലം ചെയ്യാതെ ക്വട്ടേഷൻ വിളിക്കാനിടയായത് ശരിയായ നടപടിക്രമമല്ല. മരങ്ങളുടെ ലേലം പൂർത്തിയാകുന്ന മുറക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 അങ്കണവാടി പോഷകാഹാരം – കേന്ദ്ര വിഹിതം വിനിയോഗിക്കുന്നതിൽ കുറവ്

അങ്കണവാടികളിൽ പോഷകാഹാര വിതരണത്തിനായി ലഭിക്കുന്ന കേന്ദ്ര വിഹിതം, വിനിയോഗിക്കുന്നതിൽ 2024-25 പദ്ധതി വർഷം കുറവ് ഉണ്ടായിട്ടുണ്ട്. ഈ ഇനത്തിൽ 2024-25 ലെ മുന്നിരിപ്പായി ₹33,68,012 ഉണ്ടായിരുന്നത്. വരവ് ₹21,95,451 ഉം ഉൾപ്പെടെ ആകെ ₹55,63,463 ലഭ്യമായിരുന്നതിൽ ₹9,33,380 (16.7%) മാത്രമേ കേന്ദ്ര വിഹിതം ചെലവഴിച്ചിട്ടുള്ളൂ. ഭൂരിഭാഗം തുകയും ചെലവഴിക്കാതെ അവശേഷിക്കുന്ന അവസ്ഥയാണുള്ളത്. 2024-25 വർഷം പോഷകാഹാര വിതരണത്തിനായി നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ICDS സൂപ്പർവൈസർ |

| | |
|---|---|
| പ്രോജക്ട് നം., പേര് | 122/25, അങ്കണവാടി പോഷകാഹാരം. |
| അടങ്കൽ, ഫണ്ട് | ₹800000 (വികസന ഫണ്ട് ജനറൽ)<br>₹600000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>₹2000000 (സെന്റർ ഷെയർ)<br>ആകെ: ₹34,00,000 |
| ചെലവ് | ₹679492 (വികസന ഫണ്ട് ജനറൽ )<br>₹600000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )<br>₹933380 (സെന്റർ ഷെയർ)<br>ആകെ: ₹22,12,872 |

ഈ പദ്ധതിയുടെ ഭൂരിഭാഗം ചെലവും വികസന, ധനകാര്യ ഫണ്ട് ഉപയോഗിച്ചാണ് നടപ്പാക്കിയത്. ആവശ്യത്തിന് കേന്ദ്ര വിഹിതമിനത്തിലെ തുക ലഭ്യമായിരിക്കെ, ഇങ്ങനെ വികസന ഫണ്ട് വകയിരുത്തിയത് കാരണം മറ്റ് വികസന പദ്ധതികൾക്ക് ഫണ്ട് കണ്ടെത്തുവാൻ കഴിയാതെ വരാൻ സാധ്യതയുണ്ട്. കേന്ദ്ര ഫണ്ട് വിനിയോഗിക്കുന്നതിലെ കുറവിന് കാരണം കണ്ടെത്തി, കേന്ദ്ര ഫണ്ട് പരമാവധി ഉപയോഗപ്പെടുത്തുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 നടീൽ വസ്തുക്കൾ വാങ്ങൽ - വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

2024-25 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.15/2022/കൃ.സ.ക്ഷ.വ തീയതി 28.05.2022 ഖ. 6.1.4 പ്രകാരം കൃഷി നടീൽ ഉൽപ്പന്നങ്ങൾ കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, VFPCK, വിവിധ പദ്ധതികളിൽ സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ, സീഡ് മൾട്ടിപ്ലിക്കേഷൻ യൂണിറ്റുകൾ എന്നിവയിൽ നിന്നാണ് ഗുണമേന്മ ഉറപ്പാക്കി യഥാർത്ഥ വില നൽകി ടെണ്ടർ കൂടാതെ വാങ്ങാവുന്നത്. കൃഷി വകുപ്പിന്റെ ലൈസൻസുള്ളതോ വകുപ്പിന്റെ സഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ നഴ്സറികളിൽ നിന്നും വാങ്ങൽ നടപടിക്രമം പാലിച്ചാണ് വിവിധ വിത്തുകൾ, തൈകൾ എന്നിവയുടെ വാങ്ങൽ നടത്തേണ്ടത്. മേൽ വിഭാഗത്തിൽപ്പെടുന്ന ഉളിക്കൽ കാർഷിക കർമ്മസേനയിൽ നിന്നാണ് 2024-25 വർഷത്തിൽ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ താഴെ പരാമർശിക്കുന്ന പ്രൊജക്ട് പ്രകാരമുള്ള വാങ്ങലുകൾ നടത്തിയിട്ടുള്ളത്.

| | | | |
|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ | | |
| പ്രോജക്ട് നമ്പർ/പേര് | 88-25, തെങ്ങിൻ ഗ്രാമം പദ്ധതി | 94-25, പടിയൂർ ചില്ലീസ് - കുറ്റിമുളക് തൈ വിതരണം | 144-25, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പച്ചക്കറി തൈ വിതരണം |
| അടങ്കൽ | ₹300000 (വികസന ഫണ്ട്-ജനറൽ) | ₹150000 (വികസന ഫണ്ട്-ജനറൽ) | ₹50600 (വികസന ഫണ്ട് ടി എസ് പി) |
| ചെലവ് | 360/07.03.2025<br>₹300000 | 227/13.12.2024<br>₹150000 | 445/22.03.2025<br>₹50598 |

ഉളിക്കൽ കാർഷിക കർമ്മസേന വാങ്ങൽ നടപടിക്രമങ്ങൾ ഒഴിവാക്കി തൈകൾ വാങ്ങുന്നതിനുള്ള അംഗീകൃത സ്ഥാപനം ആണോ എന്ന് വ്യക്തമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/11.09.2025) നൽകിയ മറുപടിയിൽ, സബ്സിഡി മാർഗ്ഗരേഖ പ്രകാരം വിവിധ പദ്ധതികളിൽ സ്ഥാപിച്ചിട്ടുള്ള നഴ്സറികളിൽ നിന്ന്

നടീൽ വസ്തുക്കൾ വാങ്ങാമെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് വാങ്ങലുകൾ നടത്തിയതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാർഗ്ഗരേഖയിൽ ഇത്തരത്തിലുള്ള വാങ്ങലുകൾ നടത്തുമ്പോൾ ആവശ്യമായ വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണെന്ന് വ്യക്തമായി നിർദേശിച്ചിട്ടുള്ളതാണ്. ആയതിനാൽ, നടീൽ വസ്തുക്കൾ വാങ്ങുമ്പോൾ ബന്ധപ്പെട്ട വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

## 1-20 ഭവനനിർമ്മാണ പ്രവൃത്തികൾ -പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

വിവിധ ഭവനനിർമ്മാണ പദ്ധതികൾ പ്രകാരം ആദ്യഗഡു തുകകൾ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പുരോഗതി സംബന്ധിച്ച് വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (37/16.09.2025) മറുപടിയായി, നിർമ്മാണം പൂർത്തീകരിക്കാതിരുന്ന ഗുണഭോക്താക്കളുടെ വിവരങ്ങൾ താഴെപ്പറയുന്ന പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

| ഗുണഭോക്താവിന്റെ പേര് | പ്രോജക്ട് | കൈപ്പറ്റിയ തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| ശോഭന സി | 51/22 | 400000 | ലിന്റൽ |
| സുരേഷ് ഉണ്ണയിൽ | 51/22 | 312184 | ലിന്റൽ |
| ദിനേശൻ പി | 51/22 | 90000 | ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല |
| സുനിത സി | 51/22 | 310000 | ലിന്റൽ |
| സരിത ജോസഫ് | 50/25 | 140000 | ബേസ്മെന്റ് |

ആദ്യഗഡു തുകകൾ കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം പൂർത്തീകരിക്കാതിരുന്ന ഗുണഭോക്താക്കൾക്കെതിരെ നോട്ടീസ് നൽകുകയും, പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 സാന്ത്വന പരിചരണം - മുഴുവൻ മരുന്നും, ഉപകരണങ്ങളും ലഭ്യമായിട്ടില്ല - ₹4,15,955 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, ഊരത്തൂർ |
| പ്രോജക്ട് നമ്പർ, പേര് | 32/25, സാന്ത്വന പരിചരണം |
| അടങ്കൽ | ₹18,00,000<br>(വികസന ഫണ്ട് പൊതുവിഭാഗം– ₹10,00,000,<br>ജില്ലാ പഞ്ചായത്ത് വിഹിതം – ₹8,00,000) |
| ചെലവ് | ₹13,41,745<br>(വികസന ഫണ്ട് പൊതുവിഭാഗം – ₹8,43,000,<br>ജില്ലാ പഞ്ചായത്ത് വിഹിതം – ₹4,98,745) |
| ബിൽ നമ്പർ & തീയതി | ₹4,98,745/421/16.12.2024 (ട്രഷറി ബിൽ സാങ്ഷൻ ഓർഡർ നമ്പർ & തീയതി)<br>₹139850/98/11.09.2024<br>₹123880/155/08.10.2024<br>₹105190/237/16.12.2024<br>₹49720/240/16.12.2024<br>₹52670/242/16.12.2024<br>₹52720/403/12.03.2025<br>₹1910/404/12.03.2025<br>₹53120/409/12.03.2025<br>₹246740/421/15.03.2025 |

പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ അധിവസിക്കുന്ന വൃദ്ധർ, ദീർഘകാല രോഗികൾ, കിടപ്പ് രോഗികൾ, മാറാരോഗികൾ, പരിചരണം ആവശ്യമുള്ളവർ എന്നിവർക്ക് വീടുകളിൽ ചെന്ന് പരിചരണം ലഭ്യമാക്കുക, ഇതിന് ആവശ്യമായ മരുന്നും മറ്റ് ആവശ്യസാധനങ്ങളും ലഭ്യമാക്കുക എന്നതാണ് പ്രോജക്ട് കൊണ്ട് ലക്ഷ്യം വെക്കുന്നത്. ഇതിനായി പരിശീലനം ലഭിച്ച ആരോഗ്യ പ്രവർത്തകരുടെ സേവനം ലഭ്യമാക്കി രോഗിയുടെ അസുഖം, ചികിത്സ, തുടർപരിചരണം എന്നിവയുടെ വിവരങ്ങൾ എഴുതി സൂക്ഷിക്കുകയും വേണം. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ പരിഹരിക്കേണ്ടതാണ്.

1) സാന്ത്വന പരിചരണത്തിന് മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് ₹4,98,745

മുൻകൂറായി (അക്കൗണ്ട് നമ്പർ: 3624005700000027) നൽകിയിട്ടുണ്ട്. ആയത് പ്രകാരം ലഭ്യമായ മരുന്നുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രൊഫോർമ ഇൻവോയ്സ് നം. | ബിൽ നം./തീയതി | തുക |
|---|---|---|
| PRF 1424/04.10.2024 | 56107/02.01.2025 | 756 |
| | 56128/03.01.2025 | 94 |
| | 57518/20.01.2025 | 155 |
| | 58867/20.02.2025 | 14075 |
| | 58235/30.01.2025 | 1001 |
| | 58309/04.02.2025 | 1618 |
| | 58396/06.02.2025 | 33600 |
| | 61261/24.03.2025 | 33600 |
| | 59284/24.02.2025 | 753 |
| | 198/05.04.2025 | 3128 |
| | 157/04.04.2025 | 7077 |
| | 61818/28.03.2025 | 9170 |
| | 2330/05.05.2025 | 921 |
| | 5248/19.06.2025 | 5112 |
| | ആകെ | 111060 |

ബാക്കി ₹387685 യുടെ മരുന്നുകൾ ഇതുവരെയായി ലഭ്യമായിട്ടില്ല.

2) രോഗികൾക്ക് വിതരണം ചെയ്യുന്നതിന് ഫോൾഡിങ് വീൽചെയർ, ഫോൾഡിങ് വാക്കർ, ട്രൈപോഡ് വാക്കിങ് സ്റ്റിക്, കോട്ട്/കട്ടിൽ, എയർ ബെഡ് എന്നിവ ടെൻഡർ നടപടികൾ കൂടാതെ കെൽട്രോണിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുണ്ട്. മേൽപ്പറഞ്ഞ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി കെൽട്രോണിന് ₹193620 മുൻകൂറായി (അക്കൗണ്ട് നമ്പർ: 10643438201) നൽകിയിട്ടുണ്ട്. ആയത് പ്രകാരം ലഭ്യമായ ഉപകരണങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രൊഫോർമ ഇൻവോയ്സ് നം. | ബിൽ നം./ തീയതി | ഉപകരണം | എണ്ണം | തുക |
|---|---|---|---|---|
| PRF 11X/24.02.2025 | P78X/12.03.2025 | കോട്ട്/കട്ടിൽ | 2 | 33478 |

| | | | |
|---|---|---|---|
| P84X/14.03.2025 | കോട്ട്/കട്ടിൽ | 3 | 50622 |
| P77X/12.03.2025 | ട്രൈപോഡ് വാക്കിംഗ് സ്റ്റിക്ക് | 25 | 18375 |
| P76X/12.03.2025 | ഫോൾഡിംഗ് വാക്കർ | 10 | 19300 |
| P67X/28.02.2025 | ഫോൾഡിംഗ് വീൽചെയർ | 5 | 43575 |
| ആകെ | | | 165350 |

ബാക്കി ₹28270 രൂപ ഉപകരണങ്ങൾ (എയർ ബെഡ് - 10 എണ്ണം) ലഭ്യമായിട്ടില്ല. മുഴുവൻ ഉപകരണങ്ങളും മരുന്നുകളും ലഭ്യമായിട്ടുണ്ടെങ്കിൽ ഒറിജിനൽ ബിൽ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (28/15.09.2025) ഉപകരണങ്ങളും മരുന്നുകളും ലഭ്യമായിട്ടില്ല എന്ന മറുപടി ലഭിച്ചിട്ടുണ്ട്. ലഭിക്കാനുള്ള മരുന്നുകളുടെ വിലയായ ₹415955 (₹387685+₹28270) രൂപ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 ഡയാലിസിസ് രോഗികൾക്ക് മരുന്ന് – മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല – ₹62,543 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, ഊരത്തൂർ |
| പ്രോജക്ട് നമ്പർ, പേര് | 40/25, ഡയാലിസിസ് രോഗികൾക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹100000 (വികസന ഫണ്ട് - പൊതുവിഭാഗം) |
| ചെലവ്/ബിൽ നം./തീയതി/ തുക | ₹99968/235/16.12.2024 |

പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്തിന്റെ പരിധിയിലെ വൃക്ക രോഗികൾക്ക് മരുന്ന് വാങ്ങി നൽകുന്നതിനായി രൂപീകരിച്ചതാണ് പ്രസ്തുത പ്രോജക്ട്. മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് ₹99968 മുൻകൂറായി (അക്കൗണ്ട് നമ്പർ: 3624005700000027) നൽകിയിട്ടുണ്ട്. ആയത് പ്രകാരം ലഭ്യമായ മരുന്നുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോഫോർമ ഇൻവോയിസ് നം. | ബിൽ നം./ തീയതി | തുക |
|---|---|---|
| PRF 1663 | 5128 /19.06.2025 | 14867 |
| | 5165/19.06.2025 | 3854 |
| | 56546/07.01.2025 | 18704 |
| | ആകെ | 37425 |

ഇതുവരെ ആകെ ₹37425 രൂപ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. ബാക്കി ₹62543 (99968-37425) രൂപ മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. മുഴുവൻ മരുന്നുകളും ലഭ്യമായിട്ടുണ്ടെങ്കിൽ ഒറിജിനൽ ബിൽ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (26/15.09.2025) മരുന്നുകൾ ലഭ്യമായിട്ടില്ല എന്ന മറുപടി ലഭിച്ചിട്ടുണ്ട്. ലഭിക്കാനുള്ള മരുന്നുകളുടെ വിലയായ ₹62543 രൂപ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 ഹോമിയോ എൻ.എച്ച്.എം ഡിസ്പെൻസറികളിലേക്ക് മരുന്ന് വാങ്ങൽ – മരുന്നുകൾ ലഭ്യമായിട്ടില്ല – ₹3,00,000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ- ആയുർവേദം |
| പ്രോജക്ട് നമ്പർ, പേര് | 08/25, ഹോമിയോ എൻ.എച്ച്.എം. ഡിസ്പെൻസറികളിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹300000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |

| | |
|---|---|
| ചെലവ് | ₹300000 311/17.02.2025 (സാങ്ഷൻ ഓർഡർ നമ്പർ & തീയതി) |

എൻ.എച്ച്.എം ഹോമിയോ ഡിസ്പെൻസറി കയിലൂർ, എൻ.എച്ച്.എം ഹോമിയോ ഡിസ്പെൻസറി ബ്ലാത്തൂർ എന്നിവിടങ്ങളിലേക്ക് മരുന്ന് വാങ്ങുന്നതിനുള്ള പ്രോജക്ടിന്റെ ഭാഗമായി ₹300000 (കയിലൂർ ഡിസ്പെൻസറിക്ക് പ്രൊഫോർമ ഇൻവോയ്സ് നമ്പർ PF 143/05.08.2024 പ്രകാരം ₹150000 ഉം, ബ്ലാത്തൂർ ഡിസ്പെൻസറിക്ക് പ്രൊഫോർമ ഇൻവോയ്സ് നമ്പർ PF 1121/18.01.2025 പ്രകാരം ₹150000 ഉം മരുന്ന് ലഭ്യമാക്കുന്നതിനായി) മേൽ ബിൽ പ്രകാരം ഹോംകോ മാനേജിംഗ് ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് (SBI-34306403911) കൈമാറിയിട്ടുണ്ട്. എന്നാൽ പരിശോധനയ്ക്കായി സമർപ്പിച്ച രേഖകൾ പ്രകാരം 2 സ്ഥാപനങ്ങളിലും (എൻ.എച്ച്.എം ഹോമിയോ ഡിസ്പെൻസറി കയിലൂർ, എൻ.എച്ച്.എം ഹോമിയോ ഡിസ്പെൻസറി ബ്ലാത്തൂർ) മരുന്നുകൾ ലഭ്യമായിട്ടില്ല. മുഴുവൻ മരുന്നുകളും ലഭ്യമായിട്ടുണ്ടെങ്കിൽ ഒറിജിനൽ ബിൽ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/10.09.2025) മരുന്നുകൾ ലഭ്യമായിട്ടില്ല എന്ന മറുപടി ലഭിച്ചിട്ടുണ്ട്. ലഭിക്കുവാനുള്ള മരുന്നുകളുടെ വിലയായ ₹300000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-24 വൃത്തി-2025 ദി ക്ലീൻ കേരള കോൺക്ലേവ്-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ₹25000 ചെലവ് തുക തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പേര് | 322-25, വൃത്തി 2025 ക്ലീൻ കേരള കോൺക്ലേവ് |
| അടങ്കൽ | ₹25000 (തനത് ഫണ്ട് ) |
| ചെലവ് | ₹25000, 454/24.03.2025 |

തദ്ദേശസ്വയംഭരണ (WM) വകുപ്പിന്റെ 07.032025 തീയതിയിലെ സ.ഉ.(സാധാ) നം.645/2025/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് വൃത്തി-2025 ദി ക്ലീൻ കേരള കോൺക്ലേവ് എന്ന ഇവന്റ് സംഘടിപ്പിക്കുന്നതിന്റെ ചെലവിലേക്കായി ₹25000 ശുചിത്വമിഷന് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (35/16.09.2025) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹25000 യുടെ ചെലവ് തടസപ്പെടുത്തുന്നു.

**1-25 പൊതുടാപ്പുകൾക്ക് വാട്ടർ മീറ്റർ സ്ഥാപിക്കൽ- വിനിയോഗസാക്ഷ്യപത്രവും കരാർ ചമച്ചതിന്റെ രേഖകളും ലഭ്യമാക്കിയില്ല. ₹133900 യുടെ ചെലവ് തടസപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പേര് | 266/25, പൊതുടാപ്പുകൾക്ക് വാട്ടർ മീറ്റർ സ്ഥാപിക്കൽ |
| അടങ്കൽ | ₹133900 (തനത് ഫണ്ട് ) |
| ചെലവ് | ₹133900/171/25.10.2024 |

പൊതുടാപ്പുകൾക്ക് വാട്ടർ മീറ്റർ സ്ഥാപിക്കുന്നതിന് വേണ്ടി മേൽ കൊടുത്ത പ്രോജക്ട് പ്രകാരം ₹133900 എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി (WS) ഡിവിഷൻ, തളിപ്പറമ്പ് കൈമാറിയിട്ടുണ്ട്.

പ്രസ്തുത പ്രോജക്ട് സംബന്ധിച്ച് താഴെ കൊടുത്ത പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

1. പ്രോജക്ടിന്റെ പൂർത്തീകരണ വിവരം, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല.

2. കേരള വാട്ടർ അതോറിറ്റിയുമായി കരാർ ചമച്ചിട്ടില്ല.

3. സർക്കുലർ നമ്പർ ഡി എ.1/179/22/തസ്വഭവ തീയതി 10.07.2022 പ്രകാരം കെ.എസ്.ഇ.ബി, കെ.ഡബ്ല്യു.എ, ജി.ഡബ്ല്യു.എ എന്നിവ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ തുക സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ഡെപ്പോസിറ്റ് ചെയ്യേണ്ടതും അതാത് വർഷം തന്നെ പൂർത്തീകരിക്കാൻ നിർദ്ദേശിക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/12.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെയും രേഖകളുടെയും അഭാവത്തിൽ ₹133900 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-26 ഐ.കെ.എം വിഹിതം നൽകൽ -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ₹73560 യുടെ**

**ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പേര് | 3/25 - ഐ.കെ.എം. വിഹിതം നൽകൽ |
| അടങ്കൽ | ₹73560 (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | ₹73560 - 165/14.10.2024 |

ഗ്രാമ പഞ്ചായത്തിന് സാങ്കേതിക സഹായം ലഭ്യമാക്കുന്നതിന് മേൽ പ്രോജക്ട് പ്രകാരം ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് (നം.57047023512) ₹73560 നൽകിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ₹73560 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## I-27 തുടർസാക്ഷരത പരിപാടി-അനുബന്ധരേഖകൾ ലഭ്യമാക്കിയിട്ടില്ല. ₹30000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 189-25 അതുല്യം തുടർസാക്ഷരത പരിപാടി |
| അടങ്കൽ | ₹30000 വികസന ഫണ്ട് - ജനറൽ |
| ചെലവ് | ₹30000- ബിൽ നമ്പർ 27/09.05.2024 |

23 ഹയർ സെക്കണ്ടറി തുല്യതാ പഠിതാക്കളുടെ കോഴ്സ് ഫീസ് ഇനത്തിൽ, 2023-24 വർഷം പ്രോജക്ട് നമ്പർ 47/24 പ്രകാരം ₹16,000വും 2024-25 വർഷം മേൽ പ്രോജക്ട് പ്രകാരം ₹30,000വും, ഉൾപ്പെടെ ആകെ ₹46,000 കേരള സംസ്ഥാന സാക്ഷരതാ മിഷനിൽ ഒടുക്കിയിട്ടുണ്ട് (രജിസ്ട്രേഷൻ & കോഴ്സ് ഫീസ്: ജനറൽ - 17 പഠിതാക്കൾ, എസ്.സി. - 3 പഠിതാക്കൾ, എസ്.ടി. - 3 പഠിതാക്കൾ). തുക ലഭ്യമായതിന്റെ രസീതോ, വിനിയോഗ സാക്ഷ്യപത്രമോ, പഠിതാക്കളുടെ കോഴ്സ് പൂർത്തീകരണവുമായി ബന്ധപ്പെട്ട വിശദാംശങ്ങളോ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/12.09.2025) മറുപടിയോ രേഖകളോ സമർപ്പിച്ചിട്ടില്ല. മറുപടിയും രേഖകളും ലഭ്യമാക്കാത്തതിനാൽ, ₹30,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## I-28 യാത്രാബത്ത അനുവദിച്ചതിലെ അപാകതകൾ. ₹9000 തടസ്സപ്പെടുത്തുന്നു

**എ) സെക്രട്ടറിയുടെ അധിക ചുമതല വഹിക്കുന്നതിന് യാത്രാബത്ത അനുവദിച്ചത്**

അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയുടെ അധിക ചുമതല നിർവഹിക്കുന്നതിനായി നടത്തിയ യാത്രയ്ക്കായി സെക്രട്ടറിക്ക് യാത്രാബത്ത അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2024-25 വർഷം താഴെപ്പറയുന്ന വൗച്ചറുകളുടെ അടിസ്ഥാനത്തിൽ യാത്രാബത്ത കൈപ്പറ്റിയിട്ടുണ്ട്.

| വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|
| 22400362 | 06.08.2024 | 21742 |
| 22400692 | 19.10.2024 | 19184 |
| 22401481 | 29.03.2025 | 13350 |

മേൽ വൗച്ചറുകളിൽ കാണുന്ന താഴെപ്പറയുന്ന തീയതികളിലെ യാത്രകൾ, അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയുടെ അധിക ചുമതല നിർവ്വഹിക്കുന്നതിനായി നടത്തിയതായും അതിന് യാത്രാബത്ത അനുവദിച്ചിരിക്കുന്നതുമാണ്.

| തീയതി | യാത്ര | | നൽകിയ തുക (₹) | വിഷയം |
|---|---|---|---|---|
| | മുതൽ | വരെ | | |
| 03.07.2023 | പടിയൂർ | അയ്യൻകുന്ന് | 600 | അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയുടെ അധിക ചുമതല |
| 03.08.2023 | | | 600 | |

| | | |
|---|---|---|
| 07.08.2023 | 600 | |
| 11.08.2023 | 600 | |
| 16.08.2023 | 600 | |
| 18.08.2023 | 600 | |
| 22.08.2203 | 600 | |
| 28.08.2023 | 600 | |
| 20.12.2023 | 600 | വഹിക്കുന്നതിന് പോയത് |
| 12.01.2024 | 600 | |
| 01.11.2024 | 600 | |
| 15.11.2024 | 600 | |
| 20.11.2024 | 600 | |
| 27.11.2024 | 600 | |
| 29.11.2024 | 600 | |
| ആകെ | 9000 | |

മറ്റൊരു ഗ്രാമപഞ്ചായത്തിന്റെ അധിക ചുമതല വഹിക്കുന്നതിനായി യാത്രാബത്ത അനുവദിച്ചതിന് ആധാരമായ ഉത്തരവ് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണ്. ഇക്കാര്യം ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെയും രേഖകളുടെയും അഭാവത്തിൽ ₹9000 യുടെ ചെലവ് തടസപ്പെടുത്തുന്നു. സർക്കാർ ഉത്തരവ് ഇല്ലാത്തപക്ഷം തുക തിരിച്ചടക്കേണ്ടതാണ്.

**ബി) യാത്രാബത്തയുടെ മുൻകൂർ തുക ക്രമീകരിച്ചിട്ടില്ല**

യാത്രാബത്തയുടെ മുൻകൂർ തുകയായി വൗച്ചർ നമ്പർ 22200820/28.01.2023 പ്രകാരം ₹8,500ഉം, വൗച്ചർ നമ്പർ 22401417/22.03.2025 പ്രകാരം ₹2,500ഉം, ആകെ ₹11,000 നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത മുൻകൂർ തുക 31.03.2025-ലെ വാർഷിക ധനകാര്യ പത്രികയിലെ ബി-18 ഷെഡ്യൂൾ പ്രകാരം ക്രമീകരിക്കാൻ ബാക്കിയുള്ളതായി ഉൾപ്പെടുത്തിയിട്ടുണ്ട് (മുൻകൂർ ക്രമീകരിക്കേണ്ടത് സംബന്ധിച്ച് കേരള ഫിനാൻഷ്യൽ കോഡ് വോള്യം I ലെ Article 88, Article 53(e)ക്ക് കീഴിലുള്ള Note 1 എന്നിവ കാണുക). പ്രസ്തുത തുക ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (36/16.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. യാത്രാബത്ത ഇനത്തിൽ മുൻകൂറായി നൽകിയ തുക സമയബന്ധിതമായി ക്രമീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതും ക്രമീകരിക്കാത്ത തുകയാണെങ്കിൽ പലിശ സഹിതം ഈടാക്കേണ്ടതുമാണ്.

## 1-29 എ ബി സി പദ്ധതിക്ക് തുക കൈമാറൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ₹50000 യുടെ ചെലവ് തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പേര് | 111/25, എ ബി സി പദ്ധതിക്ക് തുക കൈമാറൽ |
| അടങ്കൽ | ₹50000 (വികസന ഫണ്ട് ജനറൽ) |
| ചെലവ് | ₹50000, 415/12.03.2025 |

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23.08.2022 തീയതിയിലെ 2065/2022/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പ്രോജക്ടായാണ് എ ബി സി നടപ്പിലാക്കേണ്ടതെന്നും മുഖ്യനിർവ്വഹണ സ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ₹50000 കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ ജില്ലാ ട്രഷറിയിലുള്ള 799011400000958 നമ്പർ എസ് ടി എസ് ബി അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/15.09.2025) മറുപടിയോ രേഖകളോ ലഭ്യമാക്കാത്തതിനാൽ ₹50000 യുടെ ചെലവ് തടസപ്പെടുത്തുന്നു.

## 1-30 ടാർ ബാരൽ വില തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25 വർഷത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബില്ലുകളിൽ നിന്നും കാലി ടാർ ബാരലിന്റെ വില കണക്കാക്കി കുറവ് ചെയ്തിട്ടുണ്ട്. ബില്ലിൽ നിന്നും കുറവ് ചെയ്ത തുക സെക്രട്ടറിയുടെ അക്കൗണ്ടിലേക്കാണ് അടവാക്കിയിട്ടുള്ളത് (LGTSB A/C No-799013000000176). കാലിവീപ്പകളുടെ മൂല്യമായി ഈടാക്കുന്ന തുകകൾ പ്രോജക്ടിന് ഫണ്ട് വകയിരുത്തിയ ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കിഴിവ് ചെയ്ത തുകകൾ തനത് ഫണ്ട് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. തുക ബന്ധപ്പെട്ട ഫണ്ടിലേക്ക് അടവാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/14.09.2025) ലഭ്യമാക്കിയ മറുപടി പ്രകാരം ടാർ ബാരൽ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഇപ്രകാരം കുറവ് ചെയ്ത തുക ബന്ധപ്പെട്ട ഫണ്ടിലേക്ക് തിരികെ അടവാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 പടിയൂർ ഗവ.ആയുർവേദ ആശുപത്രി അറ്റകുറ്റപ്പണി - പിഴ ഈടാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ, പേര് | എസ്.ഇ. 283/24-25, പടിയൂർ ഗവ. ആയുർവേദ ആശുപത്രി അറ്റകുറ്റപ്പണി |
| അടങ്കൽ | ₹2,00,000 (തനത് ഫണ്ട് ) |
| കരാറുകാരൻ | ശശിധരൻ എം |
| കരാർ നമ്പർ തീയതി | AE/LSGD/PAD/08/2023-24 Dtd.30.12.2023 |
| പി എ സി തുക | ₹199956.92 |
| വൗച്ചർ, ബിൽ നം./ തീയതി | ₹190581, ബിൽ നം.473/2025, തീയതി 25.03.2025 |
| എം ബുക്ക് നമ്പർ | 11312/2023 |

(i) ജി.ഒ.(പി) നം.13/2012/പി.ഡബ്ല്യു.ഡി. തീയതി: 01.02.2012 ലെ പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പ്രകാരം മരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ കരാറുകാരന്റേതായ കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ അസി.എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിനു മുൻപായി നൽകേണ്ടതാണെന്നും; പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ പൂർത്തീകരണ സമയത്തിന്റെ 50% അധികരിക്കാവുന്നതല്ലെന്നും വ്യക്തമാക്കിയിരിക്കെ 6 മാസം പൂർത്തീകരണ കാലയളവ് നിശ്ചയിച്ച് 09.01.2024ന് പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറി നൽകിയതിനാൽ 08.06.2024ന് പൂർത്തീകരിക്കപ്പെടേണ്ട പ്രസ്തുത പ്രവൃത്തി 290 ദിവസങ്ങൾക്ക ശേഷം 25.03.2025ന് മാത്രമാണ് പൂർത്തീകരിച്ചതെങ്കിലും മേൽ ഉത്തരവിൽ വ്യക്തമാക്കും പ്രകാരം പിഴ ഈടാക്കിയിട്ടില്ല. മാത്രമല്ല, പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് കരാറുകാരൻ അപേക്ഷ നൽകിയതായോ ആയതിന്മേൽ ഭരണസമിതി തീരുമാനം കൈക്കൊണ്ടതായോ ഉള്ള വിവരം ലഭ്യമല്ല. പ്രവൃത്തിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

കരാർ തുക - ₹169454

ആകെ പ്രവൃത്തി മൂല്യം - ₹161509

ജി.എസ്.ടി. - ₹29072

ആകെ - ₹190581

---

കുറച്ച തുകകൾ

---

സി.ജി.എസ്.ടി. - ₹1616

എസ്.ജി.എസ്.ടി. - ₹1616

| |
|---|
| ആദായ നികുതി - ₹1615<br>ക്ഷേമനിധി വിഹിതം - ₹1615<br>പിഴ – ₹00<br>കരാറുകാരന് അനുവദിച്ച് നൽകിയ തുക – ₹184119 |

മരാമത്ത് പ്രവൃത്തികളുടെ ബിഡ് ഡോക്യുമെന്റ് ഖണ്ഡിക 12, സെലക്ഷൻ നോട്ടീസ് ഖണ്ഡിക 6 എന്നിവ പ്രകാരം കരാറുകാർ പ്രവൃത്തിയുടെ ആരംഭ തീയതി മുതൽ പൂർത്തീകരണ തീയതി വരെയും പിന്നീട് ഡിഫക്റ്റ് ലയബിലിറ്റി കാലയളവ് (DLP) വരെയുമുള്ള രണ്ട് ഘട്ടങ്ങളിലേക്ക് ഇൻഷ്വറൻസ് കവറേജ് ലഭ്യമാക്കേണ്ടതുണ്ട്. എല്ലാ പോളിസികളുടെയും ഒറിജിനൽ സർട്ടിഫിക്കറ്റ് കരാറുകാർ നിർവ്വഹണ ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതുമാണ്. ഇത്തരത്തിൽ സ്വീകരിക്കുന്ന ഇൻഷ്വറൻസിന്റെ കവറേജ് കരാർ തുകയുടെ 0.5% ആയിരിക്കേണ്ടതും (മിനിമം ₹2,00,000), ഇൻഷ്വറൻസ് വിശദാംശങ്ങൾ പ്രവൃത്തി ആരംഭിച്ച് 15 ദിവസങ്ങൾക്കുള്ളിൽ സമർപ്പിക്കേണ്ടതുമാണെന്ന് "ലെറ്റർ ഓഫ് ആക്സപ്റ്റൻസ്"ൽ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് പാലിക്കാത്തപക്ഷം കരാർ തുകയുടെ 0.2% ബില്ലിൽ നിന്നും കുറവു വരുത്തേണ്ടതുമാണ്. കരാറിലെ ഇൻഷ്വറൻസ് സംബന്ധിച്ച പ്രധാന വ്യവസ്ഥകൾ ഇതായിരിക്കെ കരാറുകാരന് പ്രതിഫലം നൽകിയ വേളയിൽ പിഴ ഈടാക്കിയിട്ടില്ല. പ്രവൃത്തിയുടെ ഗുണതയും, സുരക്ഷയും, സുതാര്യതയും ഉറപ്പ് വരുത്തുന്നതിന് സർക്കാർ വ്യവസ്ഥ ചെയ്തിട്ടുള്ള നടപടികൾ അനുവർത്തിക്കേണ്ടതായുണ്ട്.

യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തതിന് കരാറുകാരോട് വിശദീകരണം ആവശ്യപ്പെട്ടതായി കാണുന്നില്ല. പ്രവൃത്തി പൂർത്തീകരിക്കാനുണ്ടായ കാലതാമസവും, മേൽ പ്രവൃത്തിയിൽ നിയമാനുസൃത നിരക്കിൽ പിഴ ഈടാക്കാതിരുന്നതിന്റെ കാരണവും വിശദീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന് നഷ്ടം വന്ന തുക കരാറുകാരിൽ നിന്നും ഈടാക്കി സർക്കാർ ഫണ്ടിൽ അടവാക്കേണ്ടതുമാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (34/16.09.2025) ലഭ്യമാക്കിയ മറുപടി പ്രകാരം പിഴ കരാറുകാരനിൽ നിന്നും ഈടാക്കി വിവരം ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 1-32 മാങ്കഴി മില്ലുമുക്ക് കരിങ്ങാലിമുക്ക് റോഡ് പുനരുദ്ധാരണം–കാലാവധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ പിഴ ഈടാക്കിയിട്ടില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ, പേര് | 246/24-25. മാങ്കഴി മില്ലുമുക്ക് കരിങ്ങാലിമുക്ക് റോഡ് പുനരുദ്ധാരണം |
| അടങ്കൽ | ₹1038000 (വികസന ഫണ്ട് ജനറൽ ) |
| കരാറുകാരൻ | സുകുമാരൻ പി പി |
| കരാർ നമ്പർ തീയതി | AE/LSGD/PAD/32/2023-24 Dtd. 23.02.2024 |
| പി എ സി തുക | ₹1038000 |
| ചെലവ്, ബിൽ നം./ തീയതി | ₹1021935<br>1) 313/2025, തീയതി: 13.12.2024, തുക – ₹937203<br>2) 401/2025, തീയതി: 12.03.2024 തുക – ₹84732 |
| എം ബുക്ക് നമ്പർ | 1388/2024 |

2012 ലെ പൊതുമരാമത്ത് മാനുവലിലെ വ്യവസ്ഥകൾ പ്രകാരം കരാറുകാരന്റേതായ കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ അസി.എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന മുൻപായി നൽകേണ്ടതാണെന്നും, പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതിയോടെ PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘീകരണം ആകെ പൂർത്തീകരണ സമയത്തിന്റെ 50% അധികരിക്കാവുന്നതല്ലെന്നും വ്യക്തമാക്കിയിരിക്കെ 4 മാസം പൂർത്തീകരണകാലയളവ് നിശ്ചയിച്ച് 04.03.2024ന് പ്രവൃത്തിസ്ഥലം കരാറുകാരന് കൈമാറി നൽകിയതിനാൽ 04.07.2024ന് പൂർത്തീകരിക്കപ്പെടേണ്ട പ്രസ്തുത പ്രവൃത്തി 229 ദിവസങ്ങൾക്ക ശേഷം 25.03.25ന് മാത്രമാണ് പൂർത്തീകരിച്ചതെങ്കിലും മേൽ ഉത്തരവിൽ വ്യക്തമാക്കും പ്രകാരം പിഴ ഈടാക്കിയിട്ടില്ല. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് കരാറുകാരൻ അപേക്ഷ

നൽകിയതായോ അതിന്മേൽ ഭരണസമിതി തീരുമാനം കൈക്കൊണ്ടതായോ ഉള്ള വിവരം ലഭ്യമല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| |
|---|
| കരാർ തുക – ₹1021935<br>ആകെ പ്രവൃത്തി മൂല്യം - ₹1021935<br>ഫസ്റ്റ് പാർട്ട് ബിൽ (-) ₹937203<br>ഫൈനൽ ബിൽ : ₹84732<br>------------------------------<br>(-) കുറച്ച തുകകൾ<br>------------------------------<br>സി.ജി.എസ്.ടി. ₹8662<br>എസ്.ജി.എസ്.ടി. - ₹8662<br>ആദായ നികുതി - ₹8662<br>ക്ഷേമനിധി വിഹിതം - ₹8662<br>റിട്ടെൻഷൻ – ₹19856<br>ടാർ ബാരൽ വില- ₹3570<br>ടാർ ബാരൽ ജി.എസ്.ടി – ₹643<br>ഈടാക്കിയ പിഴ – ₹10548<br>ആകെ: ₹69261 |

യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തതിന് കരാറുകാരോട് വിശദീകരണം ആവശ്യപ്പെട്ടിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കാനായ കാലതാമസവും, ടി പ്രവൃത്തിയിൽ നിയമാനുസൃത നിരക്കിൽ പിഴ ഈടാക്കാതിരുന്നതിന്റെ കാരണവും വിശദീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന് നഷ്ടം വന്ന തുക കരാറുകാരിൽ നിന്നും ഈടാക്കി സർക്കാർ ഫണ്ടിൽ അടവാക്കേണ്ടതുമാണ്. ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/14.09.2025) ലഭ്യമാക്കിയ മറുപടി പ്രകാരം പിഴ കരാറുകാരനിൽ നിന്നും ഈടാക്കി വിവരം ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

### **1-33 ബ്ലാത്തൂർ ഗാന്ധിവിലാസം എൽ പി സ്കൂളിന് ഷീ ടോയ്‌ലറ്റ് നിർമ്മാണം - അപാകതകൾ**

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ടിന്റെ പേര്/നം | എസ്.ക. 233/24-25. ബ്ലാത്തൂർ ഗാന്ധിവിലാസം എൽ പി സ്കൂളിന് ഷീ ടോയ്‌ലറ്റ് നിർമ്മാണം. |
| അടങ്കൽ | ₹7,60,000 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| കരാറുകാരൻ | ശ്രീ. അജിത്ത് വി കെ |
| കരാർ നമ്പർ തീയതി | AE/LSGD/PAD/02/2023-24 Dtd.04.07.2023 |
| പി എ സി തുക | ₹518255 |
| ചെലവ്, ബിൽ നം./ തീയതി | ₹499351, 471/2025, തീയതി: 25.03.2025 |

1) 2012-ലെ പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ അസി.എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുൻപായി നൽകേണ്ടതാണെന്നും, പ്രസ്തുത അപേക്ഷയിൽ

ഭരണസമിതിയുടെ അനുമതി വാങ്ങി PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% അധികരിക്കാവുന്നതല്ലെന്നും വ്യക്തമാക്കിയിരിക്കെ 9 മാസം പൂർത്തീകരണ കാലയളവ് നിശ്ചയിച്ച് 04.07.2023 ന് പ്രവൃത്തിസ്ഥലം കരാറുകാരന് കൈമാറി നൽകിയതിനാൽ 03.05.2024ന് പൂർത്തീകരിക്കപ്പെടേണ്ട പ്രസ്തുത പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. മേൽ പ്രവൃത്തിയുടെ ഒന്നാം പാർട്ട് ബിൽ 325 ദിവസങ്ങൾക്ക് ശേഷം 24.03.2025ന് കരാറുകാരന് നൽകിയെങ്കിലും, മേൽസൂചന ഉത്തരവിൽ വ്യക്തമാക്കും പ്രകാരം പിഴ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

കരാർ തുക – ₹518255

ആകെ പ്രവൃത്തി മൂല്യം - ₹499351

---

കുറച്ച തുകകൾ

---

സി.ജി.എസ്.ടി. – ₹4232

എസ്.ജി.എസ്.ടി. - ₹4232

ആദായ നികുതി - ₹4232

ക്ഷേമനിധി വിഹിതം – ₹4232

റിട്ടെൻഷൻ തുക : ₹10579

പിഴ – ₹1037

കരാറുകാരന് അനുവദിച്ച് നൽകിയ തുക – ₹470807

**മേൽ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ഓഡിറ്റ് ശ്രദ്ധയിൽപെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.**

1. AE/LSGD/PAD/02/2023-24 തീയതി: 04.07.2023 നമ്പർ കരാർ വെച്ചിട്ടുണ്ടെങ്കിലും മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല (ഉദാ: മതിപ്പ് ചെലവ്, ജാമ്യ നിക്ഷേപം, ഗ്യാരണ്ടി പിരീയഡ്, പൂർത്തീകരണ കാലാവധി Etc.).

2. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് കരാറുകാരൻ അപേക്ഷ നൽകിയിട്ടുള്ളതായോ ആയതിന്മേൽ പഞ്ചായത്ത് ഭരണസമിതി തീരുമാനം എടുത്തതായോ ഉള്ള വിവരം ലഭ്യമല്ല. 24.03.2025 തീയതിയിൽ കരാറുകാരൻ സപ്ലിമെന്ററി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും അതിനു മുൻപുള്ള സമയം (04.05.2024 മുതൽ 24.03.2025 വരെ) കരാർ ദീർഘിപ്പിച്ച് നൽകിയതിന്റെ യാതൊരു വിവരവും ലഭ്യമല്ല.

3. കരാർ അതോറിറ്റിക്ക് പിഴയില്ലാതെ ഒരു പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള പരമാവധി സമയം അനുവദിക്കാവുന്നത് യഥാർത്ഥ പൂർത്തീകരണ കാലയളവിന്റെ പകുതിയിലേക്ക് പരിമിതപ്പെടുത്തിയിരിക്കുന്നതിനാലും യഥാർത്ഥ പൂർത്തീകരണ കാലയളവിന്റെ പകുതിയിലധികം സമയം പിഴയില്ലാതെ നീട്ടി നൽകുന്നതിന് ഉയർന്ന അധികാരിയുടെ മുൻകൂർ അനുമതി സർക്കാർ ഉത്തരവിൽ വ്യക്തമായി പ്രതിപാദിച്ചിരിക്കെ പ്രവൃത്തി പൂർത്തീകരിക്കാൻ ദീർഘിപ്പിച്ച് നൽകാവുന്ന പരമാവധി സമയവും കഴിഞ്ഞിട്ടും പ്രവൃത്തി ഓഡിറ്റ് തീയതി വരെ പൂർത്തീകരിക്കാത്തതിന്റെ കാരണം ലഭ്യമല്ല.

യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തതിന് കരാറുകാരോട് വിശദീകരണം ആവശ്യപ്പെട്ടിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കാനാകാത്ത കാരണങ്ങളും, മേൽ പ്രവൃത്തിയിൽ നിയമാനുസൃത നിരക്കിൽ പിഴ ഈടാക്കാതിരുന്നതിന്റെ കാരണവും വിശദീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന് നഷ്ടം വന്ന തുക കരാറുകാരിൽ നിന്നും ഈടാക്കി സർക്കാർ ഫണ്ടിൽ അടവാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/16.09.2025) ലഭ്യമാക്കിയ മറുപടി പ്രകാരം പിഴ കരാറുകാരനിൽ നിന്നും തുടർന്നുള്ള ബില്ലുകളിൽ നിന്നും ഈടാക്കി വിവരം ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 1-34 ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റിയുടെ വരവ് ചെലവ് കണക്കുകൾ സമയബന്ധിതമായി ലഭ്യമാക്കേണ്ടതാണ്.

2010 ലെ കേരളപഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ (നിലവിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ) അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരോ പഞ്ചായത്ത് ഫണ്ടിന്റെ

കാര്യത്തിലെന്ന പോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കലോ ആവശ്യമെന്ന് കണ്ടാൽ അതിനിടയ്ക്കോ ഓഡിറ്റ് ചെയ്യേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് 4 മാസത്തിനകം അതത് സാമ്പത്തിക വർഷത്തെ കണക്കുകൾ നിശ്ചിത മാതൃകാ ഫോറങ്ങളിൽ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുണ്ട് (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റ് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ 1996 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം). എന്നാൽ ഊരത്തൂർ പി.എച്ച്.സി. ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റിയുടെയും, ബ്ലാത്തൂർ എൻ.ആർ.എച്ച്.എം ആയുർവേദ ഡിസ്പെൻസറി ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റിയുടെയും, ബ്ലാത്തൂർ എൻ.ആർ.എച്ച്.എം ഹോമിയോ ഡിസ്പെൻസറി ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റിയുടെയും വരവ് ചെലവ് കണക്കുകൾ നാളിതുവരെയായി ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ 18.01.2006 ലെ 42774/എം.3/05/ആ.കു.വ. നമ്പർ കത്തിൽ നിർദ്ദേശിച്ച പ്രകാരമുള്ള മാതൃകയിൽ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, കണ്ണൂർ ജില്ലാ കാര്യാലയത്തിൽ സമയബന്ധിതമായി സമർപ്പിക്കേണ്ടതാണ്.

## 1-35 ജൽജീവൻ മിഷൻ അവലോകനം

**ജൽജീവൻ മിഷൻ പദ്ധതി – പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്ത്**

എല്ലാ ഗ്രാമീണ വീടുകളിലും 2024-ഓടെ കുടിവെള്ള കണക്ഷൻ നൽകുന്നതിനായി കേന്ദ്രവും സംസ്ഥാനവും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ജലജീവൻ മിഷൻ.പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സുകൾ ചുവടെപ്പറയുന്നവയാണ്.
കേന്ദ്ര – സംസ്ഥാന വിഹിതം- 50:50, സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം: 15%, ഗുണഭോക്തൃ വിഹിതം: 10%

കേരള ജല അതോറിറ്റി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം, ഗ്രാമപഞ്ചായത്തിലെ പദ്ധതിയുടെ അടങ്കൽ ചെലവ് 1331 ലക്ഷം രൂപ ആണ്. ഇതിൽ പഞ്ചായത്ത് വിഹിതം (15%) 199.65 ലക്ഷം ഗുണഭോക്തൃ വിഹിതം (10%) – 133.10 ലക്ഷം രൂപ എന്നിങ്ങനെയാണ് നിശ്ചയിച്ചിരിക്കുന്നത്. പദ്ധതി നടപ്പാക്കുന്നതിനായി ജില്ലാ വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷൻ മെമ്പർ സെക്രട്ടറിയും, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും, മിഷൻ ഇംപ്ലിമെന്റേഷൻ സപ്പോർട്ട് ഏജൻസിയായി തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനം (Centre For Sustainable Development Studies And Action, Pariyaram Medical College, Kannur) സ്ഥാപനത്തിന്റെ പ്രതിനിധിയും ചേർന്ന് ത്രികക്ഷി കരാറിൽ (നമ്പർ 6/2021-22, തീയതി 02.12.2021) ഒപ്പിട്ടിട്ടുണ്ട്. കരാർ വ്യവസ്ഥകൾ പ്രകാരം, കരാർ തീയതി മുതൽ 18 മാസമാണ് കാലാവധി. എന്നാൽ കാലാവധി കഴിഞ്ഞിട്ടും പദ്ധതി ഇതുവരെ പൂർത്തീകരിച്ചിട്ടില്ല.

ജല അതോറിറ്റിയുടെ റിപ്പോർട്ട് പ്രകാരം, പദ്ധതിയുടെ ഭാഗമായി 5605 വീടുകൾക്ക് ഗാർഹിക കണക്ഷൻ നൽകേണ്ടതിൽ 2257 വീടുകൾക്ക് മാത്രമേ കണക്ഷൻ നൽകിയിട്ടുള്ളൂ. ബാക്കി 3348 വീടുകൾക്ക് ഗാർഹിക കണക്ഷൻ നൽകാൻ ബാക്കിയുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട രേഖകൾ പഞ്ചായത്ത് ഓഫീസിൽ ലഭ്യമല്ല.

2021-22 മുതൽ 2024-25 വരെയുള്ള കാലയളവിൽ സ്ഥാപന വിഹിതമോ ഗുണഭോക്തൃ വിഹിതമോ ഒന്നും ജല അതോറിറ്റിക്ക് കൈമാറിയിട്ടില്ല. ഗുണഭോക്താക്കളിൽ നിന്നുള്ള വിഹിതം പിരിവും നടന്നിട്ടില്ല. ജൽജീവൻ മിഷൻ പദ്ധതിക്കായി സ്ഥാപന വിഹിതവും ഗുണഭോക്തൃ വിഹിതവും കേരള ജല അതോറിറ്റിക്ക് നൽകിയിട്ടില്ലാത്തതിനാൽ, പദ്ധതിയുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട രേഖകളും വിവരങ്ങളും ഫയലിൽ ലഭ്യമല്ല. കേരള ജല അതോറിറ്റിയുമായി സഹകരിച്ച് പദ്ധതിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിക്കുകയും, ഗുണഭോക്തൃ വിഹിതവും സ്ഥാപന വിഹിതവും സമയബന്ധിതമായി നൽകി പദ്ധതിയുടെ സുഗമമായ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-36 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും

തദ്ദേശസ്ഥാപനങ്ങളിലെ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ 2021-22 മുതൽ 2025-26 വരെയുള്ള 5 വർഷക്കാലത്തേക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യ മേഖല ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 വർഷത്തെ ആരോഗ്യ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ.(സാധാ)നം. 2132/2022/LSGD തീ. 31.08.2022 പ്രകാരവും 2022-23 ലെ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ.(സാധാ)നം.2156/2022/LSGD തീ. 01.09.2022, സ.ഉ.(സാധാ)നം.1625/2023/ത.സ്വ.ഭ.വ. തീ. 09.08.2023 എന്നിവ പ്രകാരവും മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നമ്പർ എഫ്എം.3/138/2023/ത.സ്വ.ഭ.വ. തീ. 23.05.2023 പ്രകാരം അവാർഡ് കാലയളവിൽ (2021-26) ലഭിക്കുന്ന ഹെൽത്ത് ഗ്രാന്റിന്റെ സുഗമമായ നിർവ്വഹണത്തിനുള്ള നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. 6 സ്കീമുകളിലായി തുക ചെലവഴിക്കുന്നതിനാണ് ആരോഗ്യ ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ പ്രകാരം തുക അനുവദിച്ചിട്ടുള്ളത്. സ്കീം 1, 3, 4 എന്നിവയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായിട്ടുള്ളത്. സ്കീം 2

ബ്ലോക്ക് പഞ്ചായത്തിനും സ്കീം 5, 6 എന്നിവ നഗരസഭാ സ്ഥാപനങ്ങൾക്കുമാണ് ബാധകം. സ്കീം 1 പ്രകാരം കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം നൽകുന്നു. സ്കീം 3 പ്രകാരം ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി തുക വകയിരുത്തുന്നു. ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനാണ് സ്കീം 4 പ്രകാരം തുക അനുവദിക്കുന്നത്.

**1. ഗ്രാമപഞ്ചായത്തിൽ വിവിധ സ്കീമുകളിലായി ലഭിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

**A. ഗ്രാമപഞ്ചായത്തിന് 2021-22 മുതൽ നാളിതുവരെ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുകയുടെയും, അതിൽ നിന്നുള്ള ചെലവിന്റെയും സംബന്ധിച്ച വിവരങ്ങൾ.**

| വർഷം | സ്കീം നമ്പർ | മുന്നിരിപ്പ് | ലഭിച്ച തുക (ഇനം തിരിച്ച്) | ആകെ | ചെലവഴിച്ച തുക (ഇനം തിരിച്ച്) | നീക്കിയിരിപ്പ് (പലിശ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 2021-22 | സ്കീം നം.1 | | 0 | | 0 | 0 |
| | സ്കീം നം.3 | | 0 | | 0 | 0 |
| | സ്കീം നം.4 | | 0 | | 0 | 0 |
| 2022-23 | സ്കീം നം.1 | 0 | 0 | 0 | 0 | 0 |
| | സ്കീം നം.3 | 0 | 179875 | 179875 | 0 | 182190 |
| | സ്കീം നം.4 | 0 | 55000 | 55000 | 0 | 55772 |
| 2023-24 | സ്കീം നം.1 | 0 | 2775000 | 2775000 | 0 | 2805171 |
| | സ്കീം നം.3 | 182190 | 830000 | 1012190 | 178470 | 847410 |
| | സ്കീം നം.4 | 55772 | 353000 | 408772 | 60906 | 353284 |
| 2024-25 | സ്കീം നം.1 | 2805171 | 0 | 2805171 | 0 | 2885174 |
| | സ്കീം നം.3 | 847410 | 347000 | 1194410 | 35658 | 1182907 |
| | സ്കീം നം.4 | 353284 | 562000 | 915284 | 237070 | 688245 |

ഹെൽത്ത് ഗ്രാന്റ് 2021-22 ഫണ്ട് ലഭ്യമായത് 2022-23 സാമ്പത്തിക വർഷമായതിനാൽ 2022-23 ലാണ് പദ്ധതികൾ ആവിഷ്കരിച്ചത്. 2022-23 ലെ ഫണ്ട് 2023-24 ലും, 2023-24 ലെ ഫണ്ട് 2024-25 ലുമാണ് ലഭ്യമായിട്ടുള്ളത്. 2024-25 ലെ ഫണ്ട് നാളിതുവരെ ലഭ്യമായിട്ടില്ല.

**B. നാളിതു വരെ നടപ്പിലാക്കിയ പദ്ധതികളുടെ പേര് വിവരം**

**2022-23**

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | പ്രോജക്ട് വിഭാഗം | അടങ്കൽ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 184 | ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ | New | 55000 | 0 | 55000 |
| 185 | ആരോഗ്യ സ്ഥാപന ങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | New | 179875 | 0 | 179875 |

**2023-2024**

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | പ്രോജക്ട് വിഭാഗം | അടങ്കൽ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| 210 | ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ | SO | 55000 | 40906 | 14094 |
| 211 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യ ങ്ങൾ ഏർപ്പെടുത്തൽ | SO | 179875 | 178470 | 1405 |
| 230 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | New | 830000 | 0 | 830000 |
| 231 | കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രത്തിലും ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | New | 353000 | 20000 | 333000 |

**2024-2025**

| പ്രോജക്ട് | പ്രോജക്ടിന്റെ പേര് | പ്രോജക്ട് വിഭാഗം | അടങ്കൽ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| 277 | കുടുംബാരോഗ്യ കേന്ദ്ര ത്തിലും ഉപകേന്ദ്രത്തിലും ഹെൽത്ത് ആൻഡ് വെൽ നെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | SO | 333000 | 193051 | 139949 |
| 278 | ആരോഗ്യ സ്ഥാപനങ്ങ ളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടു ത്തൽ | SO | 1405 | 1405 | 0 |
| 279 | ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തന ങ്ങൾ | SO | 14094 | 14094 | 0 |
| 280 | ആരോഗ്യ സ്ഥാപനങ്ങ ളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടു ത്തൽ | SO | 830000 | 34253 | 795747 |
| 307 | ആരോഗ്യ സ്ഥാപനങ്ങ ളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ | New | 347000 | 0 | 347000 |

| | | | | | |
|---|---|---|---|---|---|
| | പൂർപ്പെട്ട തരൽ | | | | |
| 308 | കുടുംബാരോഗ്യ കേന്ദ്ര ത്തിലും ഉപകേന്ദ്രത്തിലും ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തന ങ്ങൾ നടപ്പാക്കൽ | New | 562000 | 29925 | 532075 |

**2. ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് സൃഷ്ടിച്ച ആസ്തികളുടെ വിവരം**

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നാളിതുവരെയും ആസ്തികളൊന്നും തന്നെ സൃഷ്ടിക്കപ്പെട്ടിട്ടില്ല.

**3. ഹെൽത്ത് ഗ്രാന്റ് വിനിയോഗം കാര്യക്ഷമമല്ല.**

ആതുര സേവനരംഗത്ത് ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ചികിത്സാ സൗകര്യങ്ങൾ കാര്യക്ഷമമാക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക ഫലപ്രദമായി ഉപയോഗിക്കാത്ത പക്ഷം ആയത് ലാപ്സായി പോകുമെന്നതിനാൽ ഇതുവരെ ചെലവഴിക്കാത്ത തുകകൾ ഫലപ്രദമായി ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. 2025-26 സാമ്പത്തിക വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിലെ തുക കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിന് വേണ്ടി ആവിഷ്കരിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്-പ്രീമിയം ഒടുക്ക് വരുത്തിയതിന്റെ വിവരങ്ങൾ

**എ) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)**

(01.04.2024 മുതൽ 31.03.2025 നാളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 15 | 90000 | 90000 | 0 | - |

**ബി) മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നാളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ നാളിതുവരെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | | | |
| 1 | 02/2024 | 6500 | 6500 | - | - |

സി) മെഡിസെപ് പ്രീമിയം ഒടുക്ക് (01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| --ഇല്ല-- | | | | |

ഡി) 01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 02/2025 | 1000 | 1000 | 0 | 0 |

## 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | വാർഷിക കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ തീയതി |
|---|---|---|
| 2024-25 | 15.09.2025 & 16.09.2025 | കെ.എസ്.എ/കെ.എൻ.ആർ/സി.6/ 1554/2025 തീയതി: 27.11.2025 |

## 4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ട് നമ്പർ/പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | 250000 | 265/25, ഗാർഹിക റിംഗ് കമ്പോസ്റ്റ് വിതരണം | 250000 | 0 |
| | 42140 | 214/25, ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 42140 | 0 |
| | 48618 | 105/25 ക്ഷീരസഹകരണ സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് പാൽ വില സബ്സിഡി | 48618 | 0 |
| | 200000 | 176/25, ലൈഫ് 2020 എസ് സി | 200000 | 0 |
| | 500000 | 175/25, ലൈഫ് 2020 പൊതു വിഭാഗം | 500000 | 0 |

| | | | | | |
|---|---|---|---|---|---|
| | 455000 | 177/25 ലൈഫ് 2020 എസ് ടി | 455000 | | 0 |
| ആകെ | 1495758 | | 1495758 | | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 232640 | 101/25 നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി | 232640 | | 0 |
| | 498745 | 32/25, സാന്ത്വന പരിചരണം | 498745 | | 0 |
| | 100000 | 125/25, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 100000 | | 0 |
| | 249976 | 105/25, ക്ഷീരസഹകരണ സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് പാൽ വില സബ്സിഡി | 249976 | | 0 |
| | 280000 | 172/25, ലൈഫ് ഭവനപദ്ധതി പട്ടികജാതി | 280000 | | 0 |
| | 430000 | 170/25, ലൈഫ് ഭവനപദ്ധതി പട്ടികവർഗ്ഗം | 430000 | | 0 |
| | 140000 | 176/25, ലൈഫ് 2020 എസ് സി | 140000 | | 0 |
| | 2293965 | 171/25, ലൈഫ് ഭവന പദ്ധതി പട്ടികവർഗ്ഗം | 2293965 | | 0 |
| | 851188 | 175/25, ലൈഫ് 2020 പൊതു വിഭാഗം | 851188 | | 0 |
| | 1448812 | 50/25, ലൈഫ് 2020 ജനറൽ | 1448812 | | 0 |
| | 142840 | 177/25, ലൈഫ് 2020 എസ് ടി | 142840 | | 0 |
| | 435096 | 256/25, മുണ്ടേരി സാംസ്കാരിക നിലയം അറ്റകുറ്റപ്പണി | 435096 | | 0 |
| ആകെ | 7103262 | | 7103262 | | 0 |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചലാൻ നമ്പർ, തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൊതു ടാപ്പുകൾക്ക് വാട്ടർമീറ്റർ സ്ഥാപിക്കൽ (266/25) | 171/25.10.2024 | ₹133900 | -- | ₹133900 പൂർത്തീകരണ രേഖകൾ ലഭ്യമാക്കിയിട്ടില്ല |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-6 വായ്പ /വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ ₹7154806 ലഭിച്ചു. വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള വായ്പാ തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പാ തുക തൻവർഷം ലഭിച്ചത് ഉൾപ്പെടെ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻ വർഷം ലഭിച്ച വായ്പാ തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി (HUDCO) | ലഭ്യമല്ല | 7154806 | 9987923 | 7154806 | 1207287 | - | 15935442 |

വാർഷിക കണക്കിനെയും ലോൺ രജിസ്റ്ററിനെയും ആധാരമാക്കിയാണ് വായ്പ, വായ്പാ തിരിച്ചടവ് വിവരം തയ്യാറാക്കിയത്.

## 4-7 സ്ഥിര നിക്ഷേപം

| | |
|---|---|
| മുന്നിരിപ്പ് | 10000 |
| തൻവർഷം നിക്ഷേപിച്ചത് | ഇല്ല |
| ആകെ | 10000 |
| തൻവർഷം പിൻവലിച്ചത് | ഇല്ല |
| വർഷാവസാനം നീക്കിയിരിപ്പ് | 10000 |

വർഷാവസാനം നീക്കിയിരിപ്പുള്ള സ്ഥിരനിക്ഷേപത്തിന്റെ വിവരം

| ക്രമ നമ്പർ | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | തുക |
|---|---|---|
| 1 | മലബാർ ടൂറിസം ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (ബി ക്ലാസ് ഷെയർ) 4443/13.05.2015 | 10000 |

## 4-8 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 3-1 | 2016-17 | 1 | വസ്തു നികുതി | നിലനിൽക്കുന്നു |
| 2014-15 | 2-1 | 2016-17 | 2 | തൊഴിൽ നികുതി | നിലനിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| 2021-22 | 1-263-7-6 | 2022-23 | ഭാഗം 2 1-13 | ടോയ്‌ലെറ്റ് നിർമ്മാണം | നിലനിൽക്കുന്നു |
| പ്രവർത്തനാവലോകന റിപ്പോർട്ട് | | 2015-16 | 3-7-6 | കൃഷി ഭൂഗസംരക്ഷണം | നിലനിൽക്കുന്നു |

## 4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 57400423.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 45671419.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 1099958.00 |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേര് വിവരം |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| - | ഇല്ല | ഇല്ല | - |

**സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേര് വിവരം |
|---|---|---|
| 1-21 | 415955 | ഡോ. സത്യജൻ. ടി. പി, മെഡിക്കൽ ഓഫീസർ PHC |
| 1-22 | 62543 | ഡോ. സത്യജൻ. ടി. പി, മെഡിക്കൽ ഓഫീസർ PHC |
| 1-23 | 300000 | ഡോ. വീണ അഗസ്റ്റിൻ, മെഡിക്കൽ ഓഫീസർ GAD |
| 1-24 | 25000 | ശ്രീ.ഇ.വി.വേണുഗോപാൽ, സെക്രട്ടറി |
| 1-25 | 133900 | ശ്രീ.ഇ.വി.വേണുഗോപാൽ, സെക്രട്ടറി |
| 1-26 | 73560 | ശ്രീ.ഇ.വി.വേണുഗോപാൽ, സെക്രട്ടറി |
| 1-27 | 30000 | ശ്രീ.ഇ.വി.വേണുഗോപാൽ, സെക്രട്ടറി |
| 1-28 | 9000 | ശ്രീ.ഇ.വി.വേണുഗോപാൽ, സെക്രട്ടറി |
| 1-29 | 50000 | ശ്രീ.ഇ.വി.വേണുഗോപാൽ, സെക്രട്ടറി |
| ആകെ | 1099958 | |

**ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനും തടസ്സത്തിനും ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസം

| ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ പേര് വിവരം | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഇ.വി.വേണുഗോപാൽ, സെക്രട്ടറി | വിരമിച്ചു | എടാട്ടുതോട്ടം,വയത്തൂർ, ഉളിക്കൽ, കണ്ണൂർ പിൻ 670705 |
| ഡോ. വീണ അഗസ്റ്റിൻ, മെഡിക്കൽ ഓഫീസർ GAD | മെഡിക്കൽ ഓഫീസർ, ജി.എ.ഡി. പടിയൂർ | മണലേൽ ഹൗസ്, പായം പി.ഒ. എട്ടൂർ, കണ്ണൂർ |
| ഡോ. സത്യജൻ. ടി. പി, മെഡിക്കൽ ഓഫീസർ PHC | മെഡിക്കൽഓഫീസർ പി.എച്ച്.സി, ഊരത്തൂർ | പുഷ്പക ഹൗസ്, കുട്ടിമാവ്, നിടിയേങ്ങ പി ഒ, കണ്ണൂർ |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | കെ.എസ്.എ/കെ.എൻ. ആർ/സി.6/918/2025 തീയതി: 05.07.2025 | 13 |
| 2004-05 | കെ.എസ്.എ/കെ.എൻ. ആർ/സി.6/918/2025 തീയതി: 05.07.2025 | 1 |
| 2005-06 | കെ.എസ്.എ/കെ.എൻ. ആർ/സി.6/918/2025 തീയതി: 05.07.2025 | 1 |
| 2009-10, 2010-11, 2011-12 | കെ.എസ്.എ/കെ.എൻ. ആർ/സി.6/918/2025 തീയതി: 05.07.2025 | 5 |
| 2012-13, 2013-14 | കെ.എസ്.എ/കെ.എൻ.ആർ/സി.6/918/2025 തീയതി: 05.07.2025 | 1 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി.6/918/2025 തീയതി: 05.07.2025 | 1 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/സി.6/918/2025 തീയതി: 05.07.2025 | 2 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ/സി.6/918/2025 തീയതി: 05.07.2025 | 6 |
| 2021-22 | കെ.എസ്.എ/കെ.എൻ.ആർ/സി.6/918/2025 തീയതി: 05.07.2025 | 9 |
| 2022-23 | കെ.എസ്.എ/കെ.എൻ.ആർ/സി.3/1795/ 23 തീയതി: 21.12.2023 | 21 |
| 2023 -24 | കെ.എസ്.എ/കെ.എൻ.ആർ/സി.6/1932/ 2024 തീയതി: 03.02.2025 | 35 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/89/2025(I) dated 16-06-2025 and submitted on 16-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Padiyoor Kalliad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Padiyoor Kalliad Grama Panchayat as on 31-03-2025

**Date: 27/11/2025**

**Deputy Director**
**District Office Kannur**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Padiyoor Kalliad Grama Panchayat for the Year 2024-2025 .

**1.Major Observations**

The value of land owned by Grama Panchayath does not reflect in the AFS.

**2.Other Observations**

1. Bank passbook of MP fund does not produced.

2. CFC Grant mismatch of amont in B-4 & B-7 Schedules.

3. Cash flow statement-The net increase and decrease in cash flow statement does not match with the differance between the opening balance and closing balance of cash and cash equivalance.

4. Bank reconclation statement not prepared.

5. Mandatory financial statements priscribed in accounting rules are not submitted with AFS.

6. Lapse of making timely and accurate demand entries in respect of tax and nontax revenue.

7. Depreciation worksheet not submitted for audit.

8. The amount of advance not adjusted within the time limit.

9. Adequate provision for doubtfull debits not provided.

10. Non disclosure of liability shown in B9 schedule.

11. Asset register is not updated.

12. Loan register is not maintained.

13. The amount deposited for deposited work not included in B-8 & B-18 schedule.

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

കണ്ണൂർ ജില്ലയിലെ പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3

## വാർഷിക ധനകാര്യ പത്രികകൾ

**RECEIPT & PAYMENT STATEMENT**

**Padiyoor Kalliad Grama Panchayat**
**RECEIPT & PAYMENT STATEMENT**
For the period from 01-April-2024 to 31-March-2025

| Code.No. | Description of Items | Schedule No. | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 45826078.00 |
| Cash | Cash | RP-40(a) | 88880.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 786990.00 |
| 140000000 | Fees & User Charges | RP-4 | 4230006.00 |
| 150000000 | Sale & Hire Charges | RP-5 | 162556.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 14979712.00 |
| 171000000 | Interest Earned | RP-9 | 1018010.00 |
| 190000000 | Prior Period Income | RP-11 | 6200.00 |
| 311000000 | Earmarked Funds | RP-28 | 419.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 21325129.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 7005437.00 |
| 460000000 | Loans, Advances and Deposits | RP-49 | 18000.00 |
| | **Non Operating** | | |
| 330000000 | Secured Loans | RP-31 | 7154806.00 |
| 340000000 | Deposits Received | RP-33 | 132592.00 |
| 350000000 | Other Liabilities | RP-35 | 580566.00 |
| | **Grand total** | | **103315381.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 18000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 60764.00 |
| 414000000 | Annual plan - Capital Expences (Service Sector) | RP-41 | 94000.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 3052509.00 |
| 460000000 | Loans, Advances and Deposits | RP-49 | 534823.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 117880.00 |
| 350000000 | Other Liabilities | RP-35 | 41793443.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 57628292.00 |
| Cash | Cash | RP-40(b) | 15670.00 |
| | **Grand Total** | | 103315381.00 |

**INCOME & EXPENDITURE STATEMENT**

**Padiyoor Kalliad Grama Panchayat**
**INCOME & EXPENDITURE STATEMENT**
For the period from 01-April-2024 to 31-March-2025

| Code.No. | Description of Items | Schedule No. | Amount |
|---|---|---|---|
| 110000000 | Tax Revenue | I-1 | 6068120.00 |
| 120000000 | Assigned Revenue and Compensation | I-2 | 0.0 |

| | | | |
|---|---|---|---|
| 130000000 | Rental Income from Panchayat Properties | I-3 | 0.0 |
| 140000000 | Fees & User Charges | I-4 | 3934643.00 |
| 150000000 | Sales & Hire Charges | I-5 | 167892.00 |
| 160000000 | Revenue Grants, Contributions & Compensation | I-6 | 216290042.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 1012085.00 |
| 180000000 | Other Income | I-9 | 0.0 |
| A | **Total Income** | | **227472782.00** |
| 210000000 | Establishment Expenses | I-10 | 13681689.00 |
| 220000000 | Administrative Expenses | I-11 | 1533396.00 |
| 230000000 | Operations & Maintenance | I-12 | 1519356.00 |
| 240000000 | Interest & Finance Charges | I-13 | 3281.00 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 4969011.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 37285760.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 7805215.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 46524940.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes | I-14(D) | 99077275.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1464930.00 |
| 260000000 | Grants, Contributions & Compensations from Own Fund | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 9953.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 26919145.00 |
| B | **B – Total : Expenditure** | | **240793951.00** |
| C = A – B | **Gross Surpius/(Deficit) of Income over Expenditure before Prior Period Itmes** | | **-13321169.00** |
| 190000000 | Prior Period Income | I-19 | -8398.00 |
| 290000000 | Prior Period Expenses | I-18 | 1182662.00 |
| D | Net Difference | I-19-I-18 | -1174264 |
| E | **Gross Surplus/(deficit) of income over expenditure after Prior Period Items** | | **-12146905.00** |

**BALANCE SHEET**

| Padiyoor Kalliad Grama Panchayat<br>BALANCE SHEET<br>As on 31-March-2025 | | | |
|---|---|---|---|
| Code.No. | Description of Items | Schedule No. | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |

| | | | |
|---|---|---|---|
| 310000000 | Panchayat / Municipal Fund | B-1 | 49764428.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 13327.00 |
| 312000000 | Reserves | B-3 | 88573110.00 |
| | **Total Reserve & Surplus** | | **138350865.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 29550749.00 |
| | **Total Grants, Contributions for Specific Purposes** | | **29550749.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 15935442.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **15935442.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 408835.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 3444186.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **3853021.00** |
| | **TOTAL LIABILITIES** | | **187690077.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 0.0 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 173307.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 8656194.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 208972853.00 |
| 416000000 | Accumulated Depreciation | B-11(a) | -113471084.00 |
| | **Total Fixed Assets** | | **104331270.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 10000.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **10000.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 5354286.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 57643962.00 |
| 460000000 | Loans, Advances and Deposits | B-18 | 20350559.00 |
| 461000000 | Accumulated Provisions against Loans, Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **83348807.00** |

| | | | |
|---|---|---|---|
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **187690077.00** |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ